# അകത്താളുകളിൽ


**സപ്തനാമങ്ങളോടുകൂടിയ . . . .**
ഡോ. ഒ.എം. ശാമുവേൽ ................. 3

**അപ്പൊസ്തലന്മാരുടെ പ്രവൃത്തി . . .**
വി.പി. ജേക്കബ് ...................... .......... 4

**പരിണാമ സൃഷ്ടി വിവാദം**
ഡോ. ജോൺസൺ ജോർജ്ജ് ........ 7

**ആത്മഹത്യ പരിഹാരമോ . . .**
യോഹന്നാൻ ഏബ്രഹാം ................ 10

**പുതിയ സൃഷ്ടി**
എം.റ്റി. ജോർജ്ജ് ................................ 11

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് .............................. 14

**ജ്ഞാനമുള്ളവർ**
മെറീനാ ജോൺസൺ ....................... 15

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 17

**വിശ്വാസിയും ആരാധനയും**
വി.എം. ജോൺ ................................... 19

**മരുഭൂമിയിലെ മതിൽക്കെട്ട്**
ഡി. ജോർജ്ജ് .................... .................... 20

**വാർത്തകളും, കുറിപ്പുകളും** 21


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.2**

## 2008 ഫെബ്രുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com

# സപ്തനാമങ്ങളോടു കൂടിയ അത്ഭുത ശിശു

ഡോ. ഒ.എം.ശാമുവേൽ

ഒരു കുഞ്ഞുണ്ടായാൽ അതിനൊരുപേരു നൽകുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. കുഞ്ഞിന് നൽകേണ്ട പേരിനോടുള്ള ബന്ധത്തിൽ ഇന്നനേക കാര്യങ്ങൾ ശ്രദ്ധിക്കണം. പുതുമയുള്ള പേരായിരിക്കണം. നാം നൽകുന്ന പേർ മറ്റാർക്കും ഉണ്ടായിരിക്കാൻ പാടില്ല. അക്ഷരത്തിന്റെ കാര്യത്തിൽപോലും അതീവശ്രദ്ധാലുക്കളായിരിക്കും. നമ്മുടെ കുഞ്ഞുങ്ങൾക്ക് സാധാരണ രണ്ടിലധികം പേരുകൾ സാധാരണയല്ല. എന്നാൽ തിരുവചനത്തിൽ ഒരു ശിശുവിന് 7 പേരുകൾ നാം കാണുന്നു. ആരാണ് ഈ അത്ഭുത ശിശു? ഈ 7 പേരുകളിൽ ആറെണ്ണം ശിശു ജനിക്കുന്നതിന് ഏതാണ്ട് 700 വർഷങ്ങൾക്കുമുമ്പ് പ്രവാചകൻ രേഖപ്പെടുത്തി. ഈ അത്ഭുത ശിശുവിന്റെ ജനനംതന്നെ അസാധാരണമായിരുന്നു. ലോകപ്രകാരം ഒരു പിതാവിൽനിന്ന് ജനിച്ചവനല്ല. കന്യകയായ ഒരു സ്ത്രീയാണ് ഈ ശിശുവിന് ജന്മം നൽകിയത്. ഈ ശിശു പൂർണ്ണ മനുഷ്യനായിരുന്നു. ജനനത്തിൽ സാധാരണ ശിശുക്കളെപ്പോലെ ഒരു ശിശു ജനിച്ചിരിക്കുന്നു എന്നു നാം വായിക്കുന്നു. മനുഷ്യത്വത്തിന്റെ സമ്പൂർണ്ണത ഇവിടെ ആരംഭിക്കുന്നു. അതേ സമയം ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു എന്നു നാം വായിക്കുന്നു. പൂർണ്ണ ദൈവത്വത്തിന്റെ ഉറച്ച പ്രഖ്യാപനം. മറിയ എന്ന സ്ത്രീയിൽ താൻ ജനിച്ചു. അതേസമയം ദൈവത്താൽ ലോകത്തിനു നൽകപ്പെട്ട മകനായിരുന്നു ആ ശിശു. ഈ പേരുകൾ ഈ ശിശുവിന്റെ മാതാപിതാക്കളോ ബന്ധുമിത്രാദികളോ നൽകിയതല്ല. ഈ പേരുകളെല്ലാംതന്നെ ദൈവത്താൽ നൽകപ്പെട്ട അർത്ഥസംപുഷ്ഠങ്ങളായ പേരുകൾ. ഇന്നത്തേതുപോലെ നിരർത്ഥകമായ അക്ഷര കസർത്തുകളല്ല ഈ പേരുകൾ.

തിരുവചനത്തിലെ ഒരു വാക്യത്തിൽത്തന്നെ ഈ ശിശുവിന്റെ 5 പേരുകൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിലിരിക്കും. അവന് അത്ഭുത മന്ത്രി (ശരിയായ തർജ്ജമ അനുസരിച്ച് അത്ഭുതം, മന്ത്രി), വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർവിളിക്കപ്പെടും" (യെശ. 9:6). ഇവയിൽ ആദ്യത്തെ പേര് ശ്രദ്ധിക്കുക. അത്ഭുതം. യേശുക്രിസ്തുവിന്റെ ജീവിതംതന്നെ ഈ പേരിന്റെ അന്വർത്ഥതയെ തെളിയിക്കുന്നില്ലേ. ജനനം മുതൽ മരണംവരെയുള്ള യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ രംഗങ്ങളും അത്ഭുതം നിറഞ്ഞതായിരുന്നല്ലോ. യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളെല്ലാം തന്നെ ഈ പേരിന്റെ പരസ്യ പ്രഖ്യാപനമായിരുന്നല്ലോ. യേശുക്രിസ്തുവിന്റെ ജീവിതം അത്ഭുതമായിരുന്നതുപോലെ തന്റെ മക്കളായ വിശ്വാസികളുടെ ജീവിതവും അത്ഭുതം തന്നെ. വിശദീകരണത്തിനാവശ്യമില്ലാത്ത ഒരു നഗ്നസത്യമല്ലേയിത്.അവന്റെ രണ്ടാമത്തെ പേര് മന്ത്രി. അവൻ അത്ഭുത മന്ത്രിതന്നെ. അവന്റെ വാക്കുകൾ കൃപയും സത്യവും നിറഞ്ഞു തുളുമ്പുന്നവയായിരുന്നല്ലോ. ആധികാരികമായ ജീവന്റെ വചനമായിരുന്നില്ലേ അവന്റെ വാക്കുകൾ. അവനിൽ വിശ്വസിക്കുന്നവർക്ക് അവന്റെ വാക്കുകൾ എത്രയും ആശ്വാസപ്രദമായിരുന്നു."ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" (യോഹ. 7:46). അവന്റെ പേര് വീരനാം ദൈവം എന്നാണ്. യേശുക്രിസ്തു ദൈവമാണ്. ദൈവമനുഷ്യൻ. നിത്യനായ ദൈവത്തിന്റെ നിത്യപുത്രൻ. നിത്യതയിൽ പിതാവിന്റെ മടിയിലെ പ്രമോദമായിരുന്നവൻ. അവൻ പഴയനിയമത്തിലെ യഹോവ തന്നെ. അവനും പിതാവും ഒന്നുതന്നെ. എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. ഇങ്ങനെ ആധികാരികങ്ങളായ വാക്കുകൾ വീരനാം ദൈവത്തിന്റെ അധരപുടങ്ങളിൽനിന്ന് അടർന്നുവീണ നിത്യസത്യങ്ങൾ തന്നെ. മാത്രവുമല്ല അവന്റെ പേര് നിത്യപിതാവ് എന്നാണ്. അല്ലെങ്കിൽ യുഗങ്ങളുടെ പിതാവാണ് അവൻ. അവനാൽ സകലവും സൃഷ്ടിക്കപ്പെട്ടു. സകലത്തിന്റെയും സ്രഷ്ടാവാണവൻ. അവനെക്കൂടാതെ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ആദിയും അന്തവും അവൻ തന്നെ. എല്ലാ കാര്യങ്ങളും അവന്റെ പ്ലാനും പദ്ധതിയും അനുസരിച്ചാണ് സംഭവിക്കുന്നത്. സകലത്തിന്റെയും രൂപകല്പന ചെയ്തവൻ കർത്താവു തന്നെ. യേശുക്രിസ്തുവിനു നൽകിയിരിക്കുന്ന അഞ്ചാമത്തെ പേര് സമാധാന പ്രഭു എന്നാണ്. അസമാധാനവും അസന്തുഷ്ടിയും നിറഞ്ഞ ലോകത്തിൽ സമാധാന സന്ദേശവുമായി വന്ന കർത്താവു മാത്രമാണ് സമാധാന ദായകൻ. അവനെക്കൂടാതെ സമാധാനം സ്ഥാപിക്കുവാൻ എന്തെല്ലാം നിലയിൽ ലോകം കിണഞ്ഞു പരിശ്രമിക്കുന്നു. എത്രയെത്ര സമാധാന കരാറുകൾ ഒപ്പിട്ടിട്ടുണ്ട്. എത്രയെത്ര സമാധാന സമ്മേളനങ്ങൾ നടന്നുകഴിഞ്ഞു. എന്തേ ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ കഴിയുന്നില്ല. ഇന്ന് യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്ന എല്ലാവർക്കും ദൈവത്തോട് സമാധാനവും ദൈവസമാധാനവും ഉണ്ട്. ലോകം നൽകുന്നതുപോലെയല്ല എന്റെ സമാധാനം ഞാൻ നിങ്ങൾക്കു

# "അപ്പൊസ്തലന്മാരുടെ പ്രവൃത്തി"കളിലെ സ്വർണ്ണമണികൾ-14

## പൗലൊസ് അപ്പൊസ്തലന്റെ സഹ പ്രവർത്തകനായ തിമൊഥെയൊസ്

വി.പി. ജേക്കബ്, തിരുവനന്തപുരം

**പു**തിയനിയമത്തിലെ നിറപ്പകിട്ടുള്ള ഒരു കഥാപാത്രമാണ് തിമൊഥെയൊസ്. "അവൻ ദർബയിലും ലുസ്ത്രയിലും ചെന്നു. അവിടെ വിശ്വാസമുള്ള ഒരു യഹൂദസ്ത്രീയുടെ മകനായി തീമൊഥെയൊസ് എന്നു പേരുള്ള ഒരു ശിഷ്യനുണ്ടായിരുന്നു." (അപ്പൊ. 16:1). പുതിയനിയമത്തിൽ വിശ്വാസി, വിശുദ്ധൻ, സഹോദരൻ, ക്രിസ്ത്യാനി, ശിഷ്യൻ എന്നീ പദങ്ങൾ പര്യായങ്ങളാണ്. ശിഷ്യനെന്നാൽ പഠിക്കുന്നവൻ എന്നർത്ഥം. ഒരു വിശ്വാസിയുടെ പഠനം എപ്പോഴാണവസാനിക്കുന്നത്? ഒരു വിശ്വാസി അന്ത്യംവരെ ആദ്ധ്യാത്മ വിദ്യാലയത്തിൽ പഠിക്കുന്നവനായിരിക്കണം. ഒരു വിശ്വാസിയുടെ പഠനപദ്ധതി (Curriculam) എന്താണ്? "അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടിരിക്കുന്നു" (കൊലൊ 2:3.) "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" (മത്താ.11:29). പഠിപ്പിക്കുവാൻ സർവ്വദായോഗ്യനായ ഒരു ഗുരുവും പഠിക്കുവാൻ മഹാസമുദ്രംപോലെ വിഷയങ്ങളുമുണ്ട്. പഠിക്കാതിരിക്കുന്നത് നമ്മുടെ കുറ്റമാണ്. ഈ ചുരുങ്ങിയ ജീവിതത്തിൽ നാം എന്തുമാത്രം പഠിച്ചാലും,പഠിക്കേണ്ടത് ഒരു സമ്പൂർണ്ണ ഗുരുവരനിൽ നിന്നും പഠിക്കാഞ്ഞാൽ നമ്മുടെ വിപുലമായ പഠനം കൊണ്ട് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് ദൈവത്തിന്റെ വിദ്യാലയത്തിൽ നമുക്ക് സ്ഥിരം ശിഷ്യന്മാരായി അഭ്യസനം തുടർന്നുകൊണ്ടിരിക്കാം.

തിമൊഥെയൊസിന്റെ ജീവിതപശ്ചാത്തലത്തിലേക്ക് ഒന്നെത്തിനോക്കുന്നത് പ്രയോജനമായിരിക്കും. "ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്യയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു" (2തിമൊ. 1:5). പ്രസ്തുത തിരുവെഴുത്ത് തിമൊഥെയൊസിന്റെ ബാല്യകാലത്തെക്കുറിച്ച് പ്രധാനമായ വെളിച്ചം വീശുന്നു. ക്രിസ്തുവിൽ വിശ്വസിച്ചവരായ വലിയമ്മയുടെയും അമ്മയുടെയും കീഴിൽ ആദർശകരമായ ഒരു ബാലപരിശീലനം ലഭിച്ചു

---

തരുന്നു എന്നാണ് കർത്താവ് പറഞ്ഞത്. ഈ സമാധാന പ്രഭു താമസം വിനാ ആകാശമേഘങ്ങളെ വാഹനമാക്കി വന്ന് തന്റെ സമാധാന സമ്പൂർണ്ണമായ രാജ്യം സ്ഥാപിക്കും. അന്ന് ലോകത്തിൽ എല്ലായിടത്തും ഒരുപോലെ സമാധാനം ഉണ്ടായിരിക്കും. അന്ന് യുദ്ധം ഉണ്ടാകുകയില്ല, ഒരുരാജ്യം വേറൊരു രാജ്യത്തിനെതിരായി യുദ്ധം ചെയ്യുകയില്ല. എല്ലായിടത്തും സമാധാനം! സമാധാനം!! സമാധാന പ്രഭുവായ കർത്താവ് ഭരിക്കുമ്പോൾ എങ്ങനെ സമാധാനം ഇല്ലാതെവരും?

യെശയ്യാ പ്രവാചകൻതന്നെ വീണ്ടും മറ്റൊരു പേര് തന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്നു പേരു വിളിക്കും. ഈ പേരും അർത്ഥവത്തായ ഒന്നാണ്. ദൈവം നമ്മോടുകൂടെ എന്നർത്ഥം. മനുഷ്യനെ ദൈവത്തിൽനിന്നകറ്റുന്നത് അവന്റെ പാപമാണ്. പാപത്തിന്ന് പരിഹാരം വരുത്തി നമ്മെ ദൈവത്തോടടുപ്പിക്കാനാണ് അവൻ മനുഷ്യനായി ജനിച്ചത്. വചനം ജഡമായിത്തീർന്നു. മനുഷ്യരുടെ ഇടയിൽ പാർത്തു. അവനെ രക്ഷകനായി അംഗീകരിക്കുന്നവനോടുകൂടി അവൻ എന്നും ഉണ്ടായിരിക്കും. ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം എന്നു പറയുന്ന ഒരു കാലം വരും. അതുവരെ കർത്താവിന്റെ ആത്മീയ സാന്നിദ്ധ്യം നമ്മോടുകൂടെ ഉണ്ടായിരിക്കും.

യേശുക്രിസ്തുവിന്റെ ഏഴാമത്തെ പേരുകൂടി ശ്രദ്ധിക്കുക. "അവളൊരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീയവന് യേശു എന്ന് പേരിടണം" (മത്തായി 1:21). യേശുക്രിസ്തുവിന്റെ മറ്റു പേരുകൾ പോലെ തന്നെ ഈ പേരും ദൈവം നൽകിയ പേരാണ്. മുൻ വാക്യങ്ങൾ വായിക്കുമ്പോൾ തലമുറകളുടെ നീണ്ട പട്ടികതന്നെ കാണാം. എന്നാൽ അവരിൽ ആർക്കും സാധിക്കാതിരുന്ന കാര്യമാണ് യേശുക്രിസ്തു സാധിച്ചത്. ആദരണീയരായ പിതാക്കന്മാരുടെ പേരുകൾ പലതും നാം വായിക്കുന്നു. വിശ്വാസികളുടെ പിതാവായ അബ്രാഹാം, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ്, യിസ്രയേലിന്റെ അടിമത്തത്തിൽ നിന്ന് അവർക്ക് മോചനം നൽകിയ സെരുബാബേൽ ഇവർക്കാർക്കും ജനങ്ങളെ തങ്ങളുടെ പാപങ്ങളിൽനിന്നും രക്ഷിക്കുവാൻ സാധിച്ചില്ല. എന്നാൽ ജനത്തെ തങ്ങളുടെ പാപങ്ങളിൽ രക്ഷിക്കുവാൻ കഴിയുന്ന ഒരു രക്ഷിതാവേയുള്ളൂ യേശു. എത്ര മധുരതരമായ പേര് മാനവ രാശിയുടെ പാപത്തിൽ നിന്നും മോചനം നൽകാൻ മനുഷ്യനായി ജനിച്ച് ക്രൂശിൽ മരിച്ച യേശു. എത്ര ഹൃദയകാരിയായ പേര്.

യേശുവിൻ നാമം മധുരിമനാമം ഏഴയെനിക്കിമ്പനാമം.

ഈ നാമത്തിന്റെ മുമ്പാകെ ഇരു കരങ്ങളും കൂപ്പിതൊഴുന്നു. അങ്ങയുടെ നാമം മഹത്വപ്പെടുമാറാകട്ടെ. ●

എന്നത് തന്റെ ഭാവി ജീവിതത്തെ ദൈവത്തിനായി ആകൃതിപ്പെടുത്തിയ ഒരു പ്രധാനഘടകമായിരുന്നു. കോടിക്കണക്കിന് ബാലികാബാലന്മാർക്ക് അത്തരം ഒരു പരിശീലനം ലഭിക്കാത്തത് തീരാനഷ്ടം എന്നേ പറയേണ്ടൂ. “നീയോ ഇന്നവരോട് പഠിച്ചു എന്നോർക്കുകയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം (ശൈശവം) മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ച് നിശ്ചയം പ്രാപിച്ചുമിരിക്കുന്നതിൽ നിലനില്ക്ക” (2 തിമൊ 3:14,15). തിരുവെഴുത്തുകൾ രക്ഷയെക്കുറിച്ചുള്ള അറിവ് പ്രധാനം ചെയ്യുന്നു. ഈ തിരുവെഴുത്തുകൾ ബാല്യം മുതൽ അറിയുന്നതിനും പഠിക്കുന്നതിനുമുള്ള ഭാഗ്യം തിമൊഥെയൊസിനുണ്ടായി. വലിയമ്മയും അമ്മയും ബാല്യപ്രായത്തിൽത്തന്നെ ദൈവവചനം അവനെ പഠിപ്പിച്ചു. അങ്ങനെ ആ ഭക്തവനിതകൾ തിമൊഥെയൊസ് തക്കസമയത്ത് രക്ഷിക്കപ്പെടുന്നതിന് സുശക്തമായ ഒരു അടിത്തറ പാകി.

ഞങ്ങൾ 24 വർഷം ബാംഗ്ലൂരിൽ താമസിച്ച് കർത്താവിന്റെ വേല ചെയ്തു. അവിടുത്തെ മലയാളം സഭയുടെ കൂട്ടായ്മയിലായിരുന്നു ഞങ്ങൾ ദൈവത്തെ ആരാധിച്ചുവന്നത്. ഒരു ദിവസം പ്രസ്തുത സഭയിലെ 2 സഹോദരന്മാർ ഭവന സന്ദർശനത്തിനായി പോയി. അവർ സുറിയാനി ക്രിസ്ത്യാനികൾ താമസിക്കുന്ന ഒരു ഭവനത്തിൽ ചെന്നു. അവിടെ 2 കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാതാപിതാക്കൾ എവിടെയോ പോയി എന്ന് മക്കൾ പറഞ്ഞു. സഹോദരന്മാർ മക്കളെ ഇരുത്തി അല്പസമയം കർത്താവിനെപ്പറ്റി സംസാരിച്ചു. “നിങ്ങളുടെ വീട്ടിൽ ബൈബിൾ ഉണ്ടോ?” എന്ന് ഒരു സഹോദരൻ മക്കളോട് ചോദിച്ചു. “ഇല്ല” മൂത്തവൻ ഉത്തരം പറഞ്ഞു. ‘‘ഇവിടെ ഒരു ബൈബിൾ ഉണ്ടായിരന്നു, അത് വളരെ പഴകി അകത്താളുകളെല്ലാം നഷ്ടമായി. ഒടുവിൽ തോൽ ബൈൻഡ് മാത്രം ശേഷിച്ചു. ഞങ്ങളുടെ അപ്പച്ചൻ ഇപ്പോൾ അത് കത്തി തേക്കാൻ ഉപയോഗിച്ചുകൊണ്ടിരിക്കയാണ്” എന്ന് മൂത്തവൻ അവരുടെ വീട്ടിലുണ്ടായിരുന്ന ബൈബിളിന്റെ ചരിത്രമെല്ലാം പരമാർത്ഥമായി തുറന്നു പറഞ്ഞു. “പിള്ള വായിൽ കള്ളമുണ്ടോ?’’എന്നല്ലേ പഴമൊഴി. അതുകൊണ്ടാണ് അമേരിക്കയിൽ 5 വയസ്സു പ്രായമുള്ള ഒരു കുട്ടിക്ക് കോടതിയിൽ കയറി സാക്ഷി പറയാൻ അവകാശം കൊടുത്തിരിക്കുന്നത്. സഹോദരന്മാർ സംഭവം എന്നോട് വിവരിച്ചു പറഞ്ഞപ്പോൾ എനിക്ക് ആ മക്കളുടെ കാര്യത്തിൽ വളരെ സഹതാപവും ഉള്ളുരുക്കവും ഉണ്ടായി. ആ മക്കൾ എങ്ങനെയാണ് ദൈവവചനം വായിച്ച് ബാല്യപ്രായത്തിൽ തന്നെ രക്ഷിക്കപ്പെടുന്നത്? മക്കളെ ജനിപ്പിച്ച മാതാപിതാക്കൾ നിശ്ചയമായിട്ട് ദൈവമുമ്പാകെ കണക്കു കൊടുക്കണം. ഈ ഗൗരവമായ ചിന്ത മക്കളെ ഭക്തിയിൽ വളർത്തുന്ന കാര്യത്തിൽ യാതൊരു നിഷ്ഠയുമില്ലാത്ത അസംഖ്യം മാതാപിതാക്കന്മാരെ പ്രബുദ്ധരാക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ‘‘എന്നാൽ അന്ത്യൊക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും യഹൂദന്മാർ വന്നു കൂടി പുരുഷാരത്തെ വശത്താക്കി പൗലൊസിനെ കല്ലെറിഞ്ഞു; അവൻ മരിച്ചു എന്നു വിചാരിച്ചിട്ട് അവനെ പട്ടണത്തിന് പുറത്തേക്ക് ഇഴച്ചുകളഞ്ഞു. എന്നാൽ ശിഷ്യന്മാർ അവനെ ചുറ്റി നിൽക്കുകയും അവൻ എഴുന്നേറ്റ് പട്ടണത്തിൽ ചെന്നു; പിറ്റേന്നാൾ ബർന്നബാസിനോടു കൂടെ ദർബ്ബെക്കു പോയി’’ (പ്രവൃ. 14:19,20). പൗലൊസ് മരിച്ചു എന്നു വിചാരിച്ചാണ് ശത്രുക്കൾ അവനെ ചത്ത മൃഗത്തിന്റെ ഉടൽ പോലെ പട്ടണത്തിന് വെളിയിലേക്ക് വലിച്ചിഴച്ചു കളഞ്ഞത്. പൗലൊസിന്റെ ജീവിതത്തിൽ ഉണ്ടായ ഏറ്റവും ഭയങ്കരമായ പീഡാനുഭവമായി ഇതിനെ കരുതാം. എന്നാൽ ശിഷ്യന്മാർ അവനെ ചുറ്റി നിൽക്കയിൽ” എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ബന്ധത്തിൽ സാവനറോള എന്ന നവീകരണ കർത്താവിന്റെ ജീവചരിത്രം എഴുതിയ പ്രൊഫ. ഗില്ലാറിയുടെ പ്രസ്താവന എന്റെ ഓർമ്മയിൽ വരുന്നു. “വ്യക്തികൾ നശിക്ക എന്നത് സത്യമാണ് എന്നാൽ അവരുടെ രക്തം ആയിരമായിരം അനുഗാമികളെ ഉത്പാദിപ്പിക്കുന്നു’’. ലോകത്തിന്റെ പാപപരിഹാരാർത്ഥം ഭൂമിയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കാൽവറി മലയിൽ ക്രൂശിൽ ഉയർത്തപ്പെട്ട് തന്റെ നിഷ്പാപമായ ശരീരവും രക്തവും മുഴുവനായി സമർപ്പിച്ച കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് മേൽപറഞ്ഞ പ്രസ്താവന 100ശതമാനം സത്യമാണ്. ക്രിസ്തുവിനെപ്പോലെ ഒരു ദാതാവ് ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. മേലാൽ ഉണ്ടാവുകയുമില്ല. ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിർബന്ധിതനായി കല്ലേറുകൊണ്ട് രക്തത്തിൽക്കുളിച്ച് ‘‘രക്തസാക്ഷി’’യായി കിടക്കുന്ന പൗലൊസ് തന്റെ ചുറ്റും ശിഷ്യന്മാരെ ആകർഷിച്ചതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ആ സാക്ഷിസമൂഹത്തിൽ തിമൊഥെയൊസും ഉണ്ടായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. “അന്ത്യൊക്യയിലും ഇക്കൊന്യയിലും ലുസ്ത്രയിലും എനിക്കു സംഭവിച്ച ഉപദ്രവവും കഷ്ടാനുഭവവും കണ്ടറിഞ്ഞിരിക്കുന്നു (2 തിമൊ. 3:11). ലുസ്ത്ര പട്ടണത്തിനു വെളിയിലുള്ള കുപ്പക്കുന്നിൽ മാംസപിണ്ഡമായി ഏതാണ്ട് മൃതപ്രായനായി കിടക്കുന്ന അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്റെ അതിദയനീയ കാഴ്ച തിമൊഥെയൊസിന്റെ മനസ്സിൽ നിന്ന് ഓർമ്മയിൽ നിന്ന് എന്നെങ്കിലും മാഞ്ഞുപോകുമോ? അങ്ങനെ തിമൊഥെയൊസ് “തീയിൽ കുരുത്ത” ഒരു ദൈവദാസനായി എന്നു പറഞ്ഞാൽ

കഴിഞ്ഞല്ലോ. സഭയുടെ നല്ല സാക്ഷ്യം ലഭിച്ച വനായിരുന്നു. "അവൻ ലുസ്ത്രയിലും ഇക്കൊ ന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവനായിരുന്നു" (പ്രവൃ. 16:2). ലുസ്ത്ര തന്റെ സ്വദേശമായിരുന്നതുകൊണ്ട് തിമൊഥെ യൊസ് അവിടുത്തെ സഭയുടെ കൂട്ടായ്മയിലുള്ള വനായിരുന്നു എന്ന് നമുക്ക് ന്യായമായി അനുമാ നിക്കാം. ഇക്കോന്യയും അയൽസഭയായിരുന്നു. തിമൊഥെയൊസിന് സ്വന്തം സഭയുടെയും അയൽ സഭയുടെയും നല്ല സാക്ഷ്യം ഉണ്ടായിരുന്നു. "അനവധി സമ്പത്തിലും സൽകീർത്തിയിലും വെള്ളിയിലും പൊന്നിലും കൃപയും നല്ലത്" (സദൃ. 22:1). "നല്ല പേർ സുഗന്ധതൈലത്തെക്കാളും മര ണദിവസം ജനനദിവസത്തെക്കാളും ഉത്തമം" (സഭാ. 7:1). ഒരു നല്ല പേർ അഥവാ സാക്ഷ്യം അന വധി സമ്പത്തിനെക്കാളും സുഗന്ധതൈലത്തെ ക്കാളും ഉത്തമമാണ്. യാക്കൊബ് സംഭവബഹു ലമായ വിദേശപര്യടനം കഴിഞ്ഞ് കനാനിലുള്ള ശെഖേമിൽ സമാധാനത്തോടെ എത്തി (ഉല്പ. 33:18). എന്നാൽ ദീനയുടെ വിനോദയാത്രയിൽ തത്ഫലമായുണ്ടായ കൂട്ടക്കൊലയും നിമിത്തം ഗോത്രപിതാവിന്റെ സമാധാനം നഷ്ടമായി" നിങ്ങളെന്നെ നാറ്റിച്ച് വിഷമത്തിലാക്കിയിരി ക്കുന്നു" (ഉല്പത്തി. 34:30) എന്ന് യാക്കോബ് മക്കളോട് ആവലാതി പറഞ്ഞു. യാക്കോബിന്റെ സമാധാനം നഷ്ടമായി എന്നു മാത്രമല്ല അതോ ടൊപ്പം തന്റെ നല്ല പേർ അഥവാ സാക്ഷ്യവും ഒരളവിൽ നഷ്ടമായി. മക്കൾ മൂലം ആശ്വാസവും രക്ഷയുമാണ് ന്യായമായും മാതാപിതാക്കൾ ക്കുണ്ടാകേണ്ടത് (ഉല്പത്തി.5:29; 1.തിമൊ. 2:15). എന്നാൽ നേരെ വിപരീതവും കഠോരവുമായ അനുഭവങ്ങളാണ് കുടുംബങ്ങളിൽ ഉണ്ടായിക്കൊ ണ്ടിരിക്കുന്നത്.

ഒരിക്കൽ ഡി.എൽ.മൂഡി ഒരു സഹോദര നോട്കൂടെ അഭിമുഖമായി സംസാരിക്കുക യായിരുന്നു. പെട്ടെന്ന് മൂഡിയുടെ മുഖഭാവം മാറി. അദ്ദേഹം സങ്കടപ്പെട്ട് കരയുവാൻ തുടങ്ങി. ഒരു സുവിശേഷകൻ എന്ന നിലയിൽ മൂഡിയുടെ പ്രസിദ്ധിയും പ്രശസ്തിയും ലോകമെങ്ങും ഉച്ചകോടിയിൽ നിന്ന ഒരു കാലമായിരുന്നു അത്. മി.മൂഡി, ദൈവം താങ്കളെ ആത്മാക്കളുടെ അനുഗ്രഹത്തിനായി എത്രമാത്രം ഉപയോഗി ച്ചുകൊണ്ടിരിക്കുന്നു താങ്കൾ ഇങ്ങനെ സങ്കട പ്പെടേണ്ട യാതൊരുകാര്യവുമില്ല എന്ന് സഹോദ രൻ ദൈവദാസനെ ആശ്വസിപ്പിക്കാൻ തുടങ്ങി. "സഹോദരാ ഇന്ന് ഞാൻ ലോകമെങ്ങും പ്രസിദ്ധ നായ ഒരു സുവിശേഷകനായി തീർന്നിരിക്കു കയാണ്. എല്ലാവരുടേയും കണ്ണ് എന്റെ മേലാണ്. എനിക്ക് എന്തെങ്കിലും ഒരു വീഴ്ച സംഭവിച്ചെങ്കിൽ അതു നിമിത്തം ദൈവത്തിന് എന്തുമാത്രം അപമാനം ഉണ്ടാകും എന്നോർത്ത് ഞാൻ സങ്കട പ്പെടുകയാണ് എന്ന് മൂഡി ഉത്തരം പറഞ്ഞു. ഇതാ ക്രിസ്തീയ സാക്ഷ്യത്തിന്റെ വില ശരിയായി മനസ്സിലാക്കിയ ഒരു ദൈവദാസൻ!

സാക്ഷ്യം എന്നത് ക്രിസ്തീയ ജീവിതത്തിൽ ഒറ്റദിവസം കൊണ്ട് കൂന്നുകണക്കെ ചുളിവിന് ഉണ്ടായി വരുന്ന ഒരു പ്രതിഭാസമല്ല. കാലംകൊണ്ട് ജീവിതത്തിൽ പ്രാവർത്തികമാക്കി പണിതുയർ ത്തേണ്ട ഒരു ഗുണവിശേഷമാണ്. പൗലൊസ് യുവവിശ്വാസികളായ തിമൊഥെയൊസിനും തീത്തോസിനും അതിനുള്ള മാർഗ്ഗമെന്തെന്ന് ഉപദേശിക്കുന്നത് ശ്രദ്ധിക്കാം. "ആരും നിന്റെ യൗവ്വനം തുഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലത യിലും വിശ്വാസികൾക്ക് മാതൃകയായിരിക്കാം" (1.തിമൊ. 4:12). "വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ട തിന് സകലത്തിലും നിന്നെത്തന്നെ മാതൃകയാക്കി കാണിക്കാം'' (തീത്തോസ് 2:7). ശത്രുക്കൾ നമ്മെക്കൊണ്ട് എല്ലാ തിന്മയും കളവായി പറ യുന്നതിന് നാം ഉത്തരവാദികളല്ല. എന്നാൽ നമ്മെ ദുഷിക്കുന്നതിനും കരിതേക്കുന്നതിനും സ്ഥിരം ലൈസൻസ് എടുത്ത് കാത്തിരിക്കുന്നവർക്ക് തൽകൃത്യനിർവ്വഹണാർത്ഥം നാം ഒരു വിധ ത്തിലും വകയുണ്ടാക്കിക്കൊടുക്കരുത്. കൊച്ചി യിൽ നമ്മുടെ ഒരു സഹോദരൻ സാക്ഷിയായി കോടതിയിൽ പോയ ഒരു സംഭവം ഞാൻ കേട്ടി ട്ടുണ്ട്. അദ്ദേഹം വ്യവഹാരത്തിനായി കോടതിയിൽ പോയതല്ല. ചിലർ അദ്ദേഹത്തെ വലിച്ച് കോടതി യിൽ കയറ്റിയതാണ്. പ്രസ്തുത സഹോദരൻ പരേതനായ പാട്ടുകാരനും ഭക്തശിരോമണിയുമാ യിരുന്ന ഇ.ഐ. ജേക്കബ് സഹോദരന്റെ സഭയുടെ കൂട്ടായ്മയിൽപ്പെട്ട ഒരു വിശ്വാസിയായിരുന്നു. ആ കാര്യം കോടതിയിൽ ഇരുന്ന ജഡ്ജിക്ക് അറിയാ മായിരുന്നു. "മി. ഇ.ഐ.ജേക്കബിന്റെ സഭയിലെ അംഗങ്ങൾ കള്ളംപറയുന്നവരല്ല" എന്ന് പ്രസ്തു ത സഹോദരനെപ്പറ്റി ജഡ്ജി ഒരു നല്ല സാക്ഷ്യം പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. ആംഗ്ലിക്കൻ സഭയിലെ ഒരു ഡീക്കൻ യുവതീയുവാക്കൾക്കായി ഒരു ബൈബിൾ ക്ലാസ്സെടുത്തുകൊണ്ടിരിക്കുക യായിരുന്നു. ക്ലാസ്സ് നടക്കുന്നതിനിടയിൽ അദ്ദേഹം സദസ്സിനോട് ഒരു ചോദ്യം ചോദിച്ചു. "എന്തു കൊണ്ട് ജനം എന്നെ ക്രിസ്ത്യാനി എന്നു വിളി ക്കുന്നു?" എന്നതായിരുന്നു ചോദ്യം. കുറച്ചുനേ രത്തെ മൗനത്തിനു ശേഷം ഒരു യുവാവ് എഴു ന്നേറ്റ്, "ജനത്തിന് നിങ്ങളെ അറിയാൻ പാടില്ലാത്ത തുകൊണ്ടായിരിക്കും അവർ നിങ്ങളെ ക്രിസ്ത്യാ നി എന്നു വിളിക്കുന്നത്" എന്ന വിചിത്രമായ ഉത്തരം പറഞ്ഞതായി ഒരു കഥ എന്റെ ഓർമ്മ യിൽ വരുന്നു. നമ്മെ വളരെ അടുത്തറിയാവുന്നവർ നമ്മെക്കുറിച്ച് പറയുന്ന സാക്ഷ്യം എന്തായി രിക്കും? നമ്മെ അറിയാൻ പാടില്ലാത്തവർ നമ്മെക്കുറിച്ച് പറയുന്ന സാക്ഷ്യങ്ങൾ കാര്യമായി എടുക്കണ്ട. ഒരു സ്വയപരിശോധന നടത്തുന്നത് വളരെ പ്രയോജനകരമായിരിക്കും. (തുടരും)

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 18

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം - 15.**

**എന്താണ് ഭൂഗർഭശാസ്ത്രീയ സ്തംഭം? (Part 1)**

ഭൂമിയുടെ മുകൾപ്പരപ്പിലുള്ള ഊറൽപാറകളുടെ (sedimentary rocks) വിവിധ അടുക്കുകൾ അഥവാ പാളികൾ (layers), ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടെന്ന് പറയപ്പെടുന്ന ദീർഘമായ പല യുഗങ്ങളിലൂടെ ഉണ്ടായവയാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് ഈ പാളികളെ ശാസ്ത്രജ്ഞന്മാർ പ്രസ്തുത യുഗങ്ങളുടെ അടിസ്ഥാനത്തിൽ ക്രമത്തിനടുക്കി ഒരു കാലപട്ടിക (Time Scale) വരച്ചുണ്ടാക്കിയിട്ടുണ്ട്. ഈ പട്ടികയാണ് ഭൂഗർഭശാസ്ത്രീയ സ്തംഭം (Geological column) എന്നറിയപ്പെടുന്നത്. ഈ സ്തംഭത്തിൽ ഏറ്റവും അടിയിലുള്ള പാറ ആദ്യത്തെ യുഗത്തിലുണ്ടായതും അതിനുമുകളിലുള്ള പാറകൾ ക്രമേണ ഒന്നിനുപുറകെ മറ്റൊന്നായി വന്ന യുഗങ്ങളിലൂടെ ഉണ്ടായവയുമാണെന്ന് പറയപ്പെടുന്നു. ശാസ്ത്രജ്ഞന്മാർ വരച്ചുണ്ടാക്കിയിരിക്കുന്ന ഈ സ്തംഭത്തിന്റെ പടം ഭൂഗർഭ ശാസ്ത്രത്തിന്റെ (Geology) ഏതു പാഠ പുസ്തകത്തിലും കാണാവുന്നതാണ്.

ഭൂഗർഭശാസ്ത്രീയ സ്തംഭം ഉണ്ടാക്കുവാനായി, ഭൂമിയുടെ പല ഭാഗങ്ങളിൽ കാണുന്ന ഊറൽ പാറകളുടെ പാളികളെ, അവയിൽ കാണുന്ന ജീവാശ്മങ്ങളുടെ (fossils) സങ്കീർണ്ണത (complexity) അനുസരിച്ച് ശാസ്ത്രജ്ഞന്മാർ ഒരു സ്തംഭത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഏറ്റവും ലളിതമായ(simple) ജീവികളുടെ ജീവാശ്മങ്ങളുടെ പാളികൾ ഏറ്റവും അടിയിലും സങ്കീർണ്ണമായ (complex) ജിവികളുടെ ജീവാശ്മങ്ങളുള്ള പാളികൾ മുകളിലേക്കും എന്ന നിലയിലാണ് പ്രസ്തുത സ്തംഭത്തിൽ ശാസ്ത്രജ്ഞന്മാർ പാളികളെ അടുക്കി ഇരിക്കുന്നത്. ജീവികൾ ലളിതമായ തരത്തിൽ നിന്നും സങ്കീർണ്ണമായ തരത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നു എന്ന് കാണിക്കാവുന്ന വിധത്തിലാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. പ്രകൃതിയിലും പാളികൾ ഈ നിലയിലാണ് അടുക്കപ്പെട്ടിരിക്കുന്നത് എന്നു പരിണാമവാധികൾ പറയുന്നു. കോടിക്കണക്കിനു വർഷങ്ങളിലൂടെ ലളിതമായ ജീവികളിൽ നിന്ന് പരിണമിച്ച് സങ്കീർണ്ണമായ ജീവികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലാണ് പ്രകൃതിയിൽ ഊറൽ പാറകളുടെ അടുക്കുകളിൽ ജീവാശ്മങ്ങൾ ഈ വിധത്തിൽ ക്രമീകരിക്കപ്പെട്ടിരുക്കുന്നത് എന്ന് അവർ വ്യാഖ്യാനിക്കുന്നു. ഇക്കാരണത്താൽ പരിണാമം നടന്നിട്ടുണ്ട് എന്നതിന് ഏറ്റവും വലിയ തെളിവായി അവതരിക്കപ്പെടുന്നത് ഭൂഗർഭശാസ്ത്രീയ സ്തംഭമാണ്. പാഠപുസ്തകങ്ങളിൽ വരച്ചു കാണിച്ചിരിക്കുന്ന ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ നോക്കി ഭൂരിപക്ഷം ആളുകളും പരിണാമം ഒരു യാഥാർത്ഥ്യം ആണ് എന്ന് അംഗീകരിക്കാൻ നിർബന്ധിതരായിത്തീരുന്നു.

ഭൂഗർഭശാസ്ത്രീയ സ്തംഭം ബൈബിൾ വിശ്വാസികൾക്ക് ഒരു പ്രശ്നമായി നിലകൊള്ളുന്നു. ദൈവമാണ് ജീവികളെ അതതുതരമായി ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നത് എന്ന് ബൈബിൾ പറയുന്നു. പക്ഷേ ജീവികൾ ലളിതമായ തരംഗങ്ങളായി ആരംഭിച്ച് കോടിക്കണക്കിനു വർഷങ്ങളിലൂടെ പരിണമിച്ച് ക്രമേണ സങ്കീർണ്ണതയുള്ള തരംഗങ്ങളായി മാറുകയായിരുന്നു എന്നു പരിണാമവാദികൾ പറയുന്നു. അതുകൊണ്ടാണ് ഊറൽ പാറകളുടെ അടുക്കുകളിൽ ജീവാശ്മങ്ങൾ മുകളിലേക്ക് ക്രമേണ കൂടുന്ന സങ്കീർണ്ണത(increasing complexity) യിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്നവർ പറയുന്നു. ഈ വാദത്തോട് നാം എങ്ങനെ പ്രതികരിക്കണം? ഈ വിഷയത്തെക്കുറിച്ച് നമുക്ക് തുടർന്ന് ചിന്തിക്കാം.

ഭൂമിയുടെ ഉപരിഭാഗം (crust) മൂന്നു തരത്തിലുള്ള പാറകളാൽ നിർമ്മിതമാണ്. ഊറൽ പാറകൾ (Sedimentary rocks), ആഗ്നേയ പാറകൾ (Igneous rocks), രൂപഭേദം വന്ന പാറകൾ (metamorphic rocks) എന്ന് ഇവ അറിയപ്പെടുന്നു. ഭൂമിയുടെ മുകൾപരപ്പ് പ്രധാനമായും ആഗ്നേയ പാറകളാലും രൂപഭേദം വന്ന പാറകളാലും നിർമ്മിതമാണ്. വെറും 5% മാത്രമാണ് ഊറൽ പാറകൾ. പക്ഷേ ഈ ഊറൽ പാറകൾ കട്ടികുറഞ്ഞ പാളികൾ ആയി ഭൂമിക്കു ചുറ്റും ഉള്ളിയുടെ തൊലിപോലെ കാണപ്പെടുന്നതിനാൽ ഭൂമിയുടെ 80% മുകൾപരപ്പ് ഈ പാറകളാൽ മൂടപ്പെട്ടിരിക്കുന്നു. ഇവ സമുദ്രത്തിലും കരയിലും ഒരുപോലെ കാണപ്പെടുന്നു. നാം നിൽക്കുന്ന മണ്ണിനടിയിൽ മിക്കവാറും എല്ലായിടത്തും ഊറൽ പാറകളുടെ പാളികൾ ഉണ്ട്. സാധാരണ ഊറൽ പാറകളുടെ പാളികൾ മൊത്തത്തിൽ ചില മീറ്ററുകൾ കട്ടിയിലാണ് (thickness) എല്ലായിടത്തും കാണപ്പെടുന്നത്. പക്ഷേ അസാമാന്യമായി ഊറൽ പാറകളുടെ ചില മലകൾ കിലോമീറ്ററുകൾ (3 കി.മീറ്റർ വരെ) കട്ടിയിൽ ചിലയിടങ്ങളിൽ കാണപ്പെടുന്നു.

ഭൂമിയുടെ ചില ഭാഗങ്ങളിൽ മണ്ണൊലിച്ചു പോയി ഉണ്ടായ താഴ്വരകൾ നിമിത്തം വളരെ ഉയരത്തിൽ ഊറൽ പാറകളുടെ അടുക്കുകൾ അനാവൃതമായി (exposed) നിൽക്കുന്നത് കാണാം. ഇങ്ങനെ ഊറൽപാറകളുടെ അനാവൃതമായി നിൽക്കുന്ന മലകൾ കാഴ്ചയ്ക്ക് കൗതുകം നൽകുന്നതോടൊപ്പം ശാസ്ത്രജ്ഞന്മാർക്ക്

പഠനത്തിന് ഒരു വിഷയമായി ഭവിക്കുകയും ചെയ്യുന്നു.

17-ാം നൂറ്റാണ്ടിലാണ് ശാസ്ത്രജ്ഞന്മാർ ആദ്യമായി ഊറൽ പാറകളാൽ നിർമ്മിതമായ മലകളെക്കുറിച്ച് പഠിക്കുവാൻ തുടങ്ങിയത്. പുസ്തകങ്ങൾ ഒന്നിനു മുകളിൽ മറ്റൊന്ന് അടുക്കി വെച്ചിരിക്കുന്നതുപോലെയുള്ള പാറകളുടെ അടുക്ക് ശാസ്ത്രജ്ഞന്മാരെ ആകർഷിച്ചു. ഊറൽ പാറകൾ ഉണ്ടാകുന്നത് വെള്ളത്തിൽ അടിയുന്ന മണ്ണ് അഥവാ ഊറൽ (sediment) കട്ടിയാകുമ്പോ ഴാണ് എന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. അതുകൊണ്ട് ഊറൽ പാറകളുടെ അടുക്കുകൾ ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന പല വെള്ളപ്പൊക്കങ്ങളിൽ നിർമ്മിതമായവയാ ണെന്നും ശാസ്ത്രജ്ഞന്മാർ വ്യാഖ്യാനിച്ചു.

സാധാരണ ഊറൽ പാറകളുടെ ഓരോ പാളികളെയും നിരീക്ഷിക്കുമ്പോൾ ചില പാളികൾ ഒരു പേപ്പറിനെപ്പോലെ കട്ടികുറഞ്ഞതും മറ്റു ചിലത് പല മീറ്ററുകൾ കട്ടിയുള്ളതുമായിരിക്കും. പാളികളുടെ കട്ടിനോക്കി ഒരു പാളി അടിയുവാൻ എത്ര വർഷങ്ങൾ എടുത്തു എന്നു പറയുവാൻ സാധിക്കുകയില്ല. പലപ്പോഴും വെള്ളപ്പൊക്കമുള്ള പ്പോൾ വളരെ അധികം മണ്ണ് അടിയുന്നതുകൊണ്ട് നല്ല കട്ടിയുള്ള ഒരു പാളി ഒരു ദിവസം കൊണ്ട് ഉണ്ടായി വന്നു എന്നിരിക്കാം. പക്ഷേ വെള്ളപ്പൊ ക്കമില്ലാത്തപ്പോൾ കട്ടികുറഞ്ഞ ഒരു പാളി ഉണ്ടായി വരുവാൻ ചിലപ്പോൾ വർഷങ്ങൾ എടുത്തേക്കും. അതുകൊണ്ട് ഊറൽ പാറകളുടെ ഒരു മലയെ നോക്കിക്കൊണ്ട്, ആമല ഉണ്ടായിവരുവാൻ എത്രവർഷങ്ങൾ എടുത്തു എന്നു പറയുവാൻ സാധിക്കുകയില്ല. പരിണാമവാദികൾ പറയുന്നത് ഊറൽ പാറകളുടെ അടുക്കുകൾ എല്ലാം ഉണ്ടായിവരുവാൻ കോടിക്കണക്കിന് വർഷങ്ങൾ എടുത്തു എന്നാണ്. നേരേമറിച്ച് നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് 1 വർഷത്തിനു ള്ളിൽ ഈ പാറകൾ എല്ലാം ഉണ്ടായി വന്നു എന്നു സൃഷ്ടവാദികൾ വിശ്വസിക്കുന്നു.

ഊറൽ പാറകളാൽ നിർമ്മിതമായ ഒരു മലയെ ശാസ്ത്രജ്ഞന്മാർ നിരീക്ഷിക്കുമ്പോൾ ആ പാറകളുടെ അടുക്കുകൾ പല യുഗങ്ങളിൽ ഉണ്ടായി വന്നവയാണ് എന്ന് അവർക്ക് തോന്നു വാൻ കാരണം എന്താണ്?. പാറകളുടെ രചനയിൽ (texture) എന്തെങ്കിലും വ്യത്യാസം കാണപ്പെടു ന്നുണ്ടോ? ഇല്ല. അടി മുതൽ മുടി വരെയുള്ള പാറകൾ ഏകദേശം ഒരു പോലെയാണ് കാണപ്പെ ടുന്നത്. അപ്പോൾ ഈ പാറകൾ പല യുഗങ്ങളിൽ ഉണ്ടായി വന്നവയാണെന്ന് വ്യാഖ്യാനിക്കേണ്ട തുണ്ടോ? ഇവ എല്ലാം ഒരു വർഷത്തിനുള്ളിൽ നോഹയുടെ കാലത്തെ ജലപ്രളയസമയത്ത് അടിഞ്ഞതാണെന്ന് സൃഷ്ടിവാദികൾ വിശ്വസിക്കു ന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ?

നാം മുകളിൽ ഉന്നയിച്ച ചോദ്യം പിന്നെയും നിലകൊള്ളുന്നു. അതിന് ഉത്തരം ഇവിടെ നൽകി ക്കൊള്ളട്ടെ. ഊറൽ പാറകളുടെ അടുക്കുകൾ പലയുഗങ്ങളിൽ ഉണ്ടായി വന്നവയാണെന്ന് ശാസ്ത്രജ്ഞന്മാർക്ക് തോന്നുവാൻ കാരണം അവയിലുള്ള ജീവാശ്മങ്ങൾ ആണ്. അനാവൃത മായി നിൽക്കുന്ന ഊറൽ പാറകളുടെ അടുക്കു കളെ ശാസ്ത്രജ്ഞന്മാർ അടുത്തുനിന്ന് നിരീ ക്ഷിച്ചു നോക്കിയപ്പോൾ ആ അടുക്കുകളിലെല്ലാം ജീവാശ്മങ്ങൾ കാണപ്പെട്ടു. അതിശയകരമാം വിധത്തിൽ, അടിയിലുള്ള അടുക്കുകളിൽ ലളി തമായ ജീവികളുടെ ജീവാശ്മങ്ങളും ക്രമേണ മുകളിലേക്കുള്ള അടുക്കുകളിൽ സങ്കീർണ്ണമായ ജീവികളുടെ ജീവാശ്മങ്ങളും കാണപ്പെട്ടു. ഈ പ്രതിഭാസം ശാസ്ത്രജ്ഞന്മാരെ അത്ഭുതപ്പെ ടുത്തി. ഊറൽ പാറകളിൽ ജീവാശ്മങ്ങൾ ഈ വിധത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്തുകൊ ണ്ടാണ് എന്ന് ശാസ്ത്രജ്ഞന്മാർ ആലോചി ക്കുവാൻ തുടങ്ങി.

ആദ്യം ജീവാശ്മങ്ങളെക്കുറിച്ചു പഠിച്ച ശാസ്ത്രജ്ഞന്മാരായ Georges. Cuvier (1769-1832) Adam Sedgwick (1785-1873) എന്നിവർ ദൈവസൃഷ്ടിയിൽ വിശ്വസിക്കുന്നവരായിരുന്നു. അതുകൊണ്ട് ഊറൽ പാറകളിൽ ജീവാശ്മങ്ങൾ മുകളിലേക്ക് സങ്കീർണ്ണത കൂടുന്ന ക്രമത്തിൽ അടുക്കപ്പെട്ടിരിക്കുന്നത് കണ്ടപ്പോൾ, ഈ പാറ അടുക്കുകൾ പല കാലഘട്ടങ്ങളിൽ ഊറൽ അടിഞ്ഞ് ഉണ്ടായവയാണെന്നും, ദൈവം പല കാലഘട്ടങ്ങളിലായി കൂടുതൽ സങ്കീർണ്ണതയുള്ള ജീവികളെ സൃഷ്ടിച്ചുകൊണ്ടിരുന്നു എന്നും അവർ വ്യാഖ്യാനിച്ചു. ലോകത്തിന്റെ പല ഭാഗത്തുള്ള പാറ-അടുക്കുകളെ അവർ പഠിച്ചപ്പോൾ ചില അടുക്കുകളിൽ ചില തരം ജീവാശ്മങ്ങൾ പ്രത്യേകം distinctive ആയി കാണപ്പെട്ടു. അതുകൊണ്ട് ജീവാശ്മങ്ങളുടെ അടിസ്ഥാന ത്തിൽ പാറ അടുക്കുകളെ വിവിധ ക്രമത്തിൽ (systems) വേർതിരിക്കാം എന്നവർ വ്യാഖ്യാനിച്ചു. ലോകത്തിന്റെ ഏതു ഭാഗത്തു കണ്ടുകിട്ടിയാലും, ഒരു തരം ജീവാശ്മങ്ങൾ കാണുന്ന അടുക്കുക ളെല്ലാം, ലോകത്തിൽ എല്ലായിടത്തും ഒരു കാലഘട്ടത്തിൽ അടിഞ്ഞവയാണെന്നു അനു മാനിച്ചു കൊണ്ടും, ദൈവം ഓരോ കാലഘട്ടത്തിൽ കൂടുതൽ സങ്കീർണ്ണതയുള്ള ജീവികളെ സൃഷ്ടി ച്ചുകൊണ്ടിരുന്നു എന്നു വിശ്വസിച്ചുകൊണ്ടും അവർ പാറകളുടെ അടുക്കുകളെ ജീവാശ്മങ്ങ ളുടെ സങ്കീർണ്ണത അനുസരിച്ച് താഴെനിന്ന് മുകളിലേക്ക് ഒരു സാങ്കല്പിക സ്തംഭത്തിൽ അടുക്കി. ഈ സ്തംഭമാണ് പിൽക്കാലത്ത് ഭൂഗർഭശാസ്ത്രീയ സ്തംഭമായി രൂപപ്പെട്ടു വന്നത്.

ആഡം സെജ്‌വിയും തന്റെ സഹപ്രവർത്തകരും 1830 കളിൽ ഇംഗ്ലണ്ടിലും സ്കോട്ട്ലന്റിലും ഉള്ള ഊറൽ പാറകളെ പഠിക്കുവാൻ ആരംഭിച്ചു. പാറകളുടെ ഏറ്റവും അടിയിലുള്ള അടുക്കുകൾ മുതൽ നിരീക്ഷിണം ആരംഭിച്ചപ്പോൾ, ജീവാശ്മങ്ങളുടെ കിടപ്പനുസരിച്ച് മുകളിലേക്ക് സങ്കീർണ്ണത കൂടിവരുന്ന നാലു വ്യത്യസ്ത ക്രമങ്ങൾ അവർക്ക് കാണുവാൻ സാധിച്ചു. ഈ ക്രമങ്ങൾ നാലു കാലഘട്ടങ്ങളിൽ നടന്ന സൃഷ്ടിയെക്കാണിക്കുന്നു എന്നു വിശ്വസിച്ചു കൊണ്ട് ഈ കാലഘട്ടങ്ങളെ അവർ cambrian, ordovician, silurian, Devonian എന്നു നാമകരണം ചെയ്തു. പിന്നെയുള്ള ശാസ്ത്രജ്ഞന്മാർ 7 കാലഘട്ടങ്ങൾ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. അങ്ങനെ ഇന്നുള്ള ഭൂഗർഭശാസ്ത്രീയ സ്തംഭത്തിൽ 11 കാലഘട്ടങ്ങൾ ഉണ്ട്.

ദൈവം പലയുഗങ്ങളിലായി കൂടുതൽ സങ്കീർണ്ണത ഉള്ള ജീവികളെ സൃഷ്ടിച്ചുകൊണ്ടിരുന്നു എന്ന സെജ്‌വിക്കിന്റെ ആശയം prograssive creation എന്നറിയപ്പെടുന്നു. ഇത് ബൈബിളിൽ പറഞ്ഞിരിക്കുന്ന ആറു ദിവസങ്ങളിലെ സൃഷ്ടി എന്ന യാഥാർത്ഥ്യത്തോടെ യോജിക്കുന്ന ആശയം അല്ല, എങ്കിലും സെജ്‌വിക്ക് തികഞ്ഞ ഒരു ബൈബിൾ വിശ്വാസിയും ദൈവസൃഷ്ടിയുടെ വക്താവും ആയിരുന്നു. (താൻ ആരംഭിച്ച ശാസ്ത്രീയ പഠനം പിൽക്കാലത്ത് പരിണാമവാദികൾ തങ്ങളുടെ ആശയ പ്രചരണത്തിനായി ഉപയോഗിച്ചു എന്നത് ദു:ഖകരമാണ്). ഇങ്ങനെ ഭൂർഗഭശാസ്ത്രീയ സ്തംഭത്തിന് ആദ്യമായി രൂപം കൊടുത്തത് സൃഷ്ടിവാദശാസ്ത്രജ്ഞന്മാരായിരുന്നു, പരിണാമ വാദശാസ്ത്രജ്ഞന്മാരല്ലായിരുന്നു എന്നു നാം അറിഞ്ഞിരിക്കണം.

ഈ സമയത്താണ് ചാൾസ് ഡാർവിൻ രംഗപ്രവേശനം ചെയ്യുന്നത്. പിതാവിന്റെ നിർബന്ധത്താൽ താൻ ദൈവശാസ്ത്രത്തിൽ (theology) B.A. ബിരുദം എടുത്തു എങ്കിലും, വേഗം പ്രകൃതിയിൽ (Nature) തൽപരനായിത്തീർന്നു. 1831-ൽ താൻ സെജ്‌വിക്കിന്റെ ഭൂഗർഭശാസ്ത്രീയ പ്രസംഗങ്ങൾ (Geology lectures) തുടർച്ചയായി കേൾക്കുവാൻ തുടങ്ങി. താൻ സെജ്‌വിക്കിന്റെ സഹായി (field assistant) ആയി കുറച്ചുനാൾ പാറകളെ നിരീക്ഷിച്ചു പഠിക്കുകയും ചെയ്തു. ആ വർഷം തന്നെ H.M.S. Beagle എന്ന കപ്പലിൽ ലോകപര്യടനത്തിനു പോയപ്പോൾ, താൻ ദക്ഷിണ അമേരിക്കയിൽ നിന്ന് പാറകഷണങ്ങളും ജീവാശ്മങ്ങളും സെജ്‌വിക്കിന് അയച്ചുകൊണ്ടിരുന്നു. പക്ഷേ കപ്പൽ യാത്രയ്ക്കിടയിൽ ചാൾസ് ലായലിന്റെ (Charles Lyell) Principles of Geology എന്ന പുസ്തകം ഡാർവിനെ വളരെ സ്വാധീനിച്ചു. കപ്പൽ യാത്രയിൽ നിന്നും തിരിച്ചു വന്ന ഡാർവിൻ, ഭൂഗർഭശാസ്ത്രീയ സ്തംഭത്തിൽ ജീവാശ്മങ്ങൾ കൂടുന്ന സങ്കീർണ്ണത (Increasing complexity) യിൽ കാണപ്പെടുന്നത് ദൈവം അങ്ങനെ സൃഷ്ടിച്ചതു കൊണ്ടല്ല, പ്രത്യുത അവ അങ്ങനെ പരിണമിച്ചതുകൊണ്ടാണ് എന്നു ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെ 1859-ൽ പ്രസിദ്ധമായ The origin of species എന്ന പുസ്തകത്തിൽ ഡാർവിൻ തന്റെ പരിണാമ ആശയങ്ങൾ പ്രസിദ്ധീകരിച്ചു. ഡാർവിനിൽ വന്ന ഈ മാറ്റത്തിൽ സെജ്‌വിക്ക് വളരെ ദുഖിതനായി. പരിണാമവാദത്തോട് വളരെ പ്രതിഷേധവും വിയോജിപ്പും പ്രകടിപ്പിക്കുന്ന ഒരു കത്ത് താൻ ഡാർവിന് എഴുതുകയുണ്ടായി. ഇങ്ങനെ ഡാർവിന് പ്രഗത്ഭന്മാരായ പലരുടെയും വിമർശനങ്ങൾ നേരിടേണ്ടിവന്നുവെങ്കിലും, ലോകം വളരെ വേഗം തന്റെ പരിണാമ വാദത്തെ ഒരു ശാസ്ത്രീയ യാഥാർത്ഥ്യത്തെപ്പോലെ അംഗീകരിച്ചു.

(സെജ്‌വിക്കിനെപ്പോലെയുള്ള സൃഷ്ടിവാദ ശാസ്ത്രജ്ഞന്മാർ രൂപപ്പെടുത്തിയ ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ പിൽക്കാലത്ത് പരിണാമവാദികൾ എങ്ങനെ തങ്ങളുടെ പ്രയോജനത്തിനായി ഉപയോഗിച്ചു എന്നും, പാറ-അടുക്കുകളിൽ കൂടുന്ന സങ്കീർണ്ണതയിൽ ജീവാശ്മങ്ങൾ ക്രമപ്പെട്ടിരിക്കുന്നതിനെ നോഹയുടെ കാലത്തെ ജലപ്രളയത്തോടു ബന്ധപ്പെടുത്തി എങ്ങനെ മനസ്സിലാക്കാം എന്നും ഉള്ള കാര്യങ്ങൾ അടുത്ത ലക്കത്തിൽ) (തുടരും)

## വിവിധ വിഷയങ്ങൾ

**ചെന്നൈ :** ഡോ. റ്റി. ഇ. ഈശോ 'ക്രൈസ്തവ സഭാചരിത്രത്തിലെ സംഭവവികാസങ്ങൾ' എന്ന ഒരു പുസ്തക രചനയിൽ ഏർപ്പെട്ടിരിക്കയാണ്. കേരളത്തിലെ ക്രൈസ്തവ സഭകളിൽ ഉണ്ടായിട്ടുള്ള പ്രത്യേക സംഭവങ്ങളും ഈ ചരിത്രഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ ആഗ്രിക്കുന്നു ആയതിനാൽ നിങ്ങൾക്ക് അറിയാവുന്ന രേഖകളും മലയാളത്തിൽ ഉള്ള ചില ക്രൈസ്തവ ചരിത്ര പുസ്തകങ്ങളും അയച്ചുകൊടുത്ത് സഹോദരന്റെ ഈ സംരംഭത്തിന് സഹായിക്കുവാൻ അപേക്ഷിക്കുന്നു. വിലാസം : Dr. T. E. Easow, New No.12, Ist Main Road, I.O.B Colony, P.O. Selaiyur, E.Tambaram, Chennai - 600073.

**തിരുവല്ല മെഡിക്കൽമിഷൻ നേഴ്സിംഗ് കോളജ് 2008-2012 B.Sc. (Nursing) ബാച്ചിലേക്കുള്ള പ്രവേശനം (NRI Seats)**

TMM Nursing കോളജിന്റെ 2008-2012 B.Sc. Nursing അഡ്മിഷന് NRI കോട്ടയിലുള്ള 7 സീറ്റിനുവേയുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. +2 അല്ലെങ്കിൽ തത്തുല്ല്യപരീക്ഷയിൽ ഫിസിക്സ്, കെമസ്ട്രി, ബയോളജി ഗ്രൂപ്പ് എടുത്ത് പഠിച്ചവരും 50% ത്തിൽ കുറയാതെ മാർക്ക് ലഭിച്ചതുമായ കുട്ടികൾക്കാണ് അർഹതയുള്ളത്. കൂടുതൽ വിവരങ്ങൾക്ക് കോളജ് ഓഫീസിലോ (0469-2618646) സെക്രട്ടറിയെയോ ബന്ധപ്പെടേണ്ടതാണ്. എന്ന് ജോൺ വി. എബ്രഹാം സെക്രട്ടറി 9447106493.

# ആത്മഹത്യ പരിഹാരമോ പരാജയമോ?

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

**ലോ**കമെങ്ങും ആത്മഹത്യയുടെ നിരക്ക് ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി കൊച്ചുകേരളത്തിൽ ആത്മഹത്യയുടെ വേലിയേറ്റമാണ് കാണുന്നത്. മാതാപിതാക്കളും മക്കളും കൂട്ടത്തോടെ ആത്മഹത്യ ചെയ്യുന്നു. കാരണം പലതായിരിക്കാം. പ്രേമനൈരാശ്യത്താൽ യുവാവും യുവതിയും ഒരേ മരക്കൊമ്പിൽ കെട്ടിഞാലുകയോ വിഷംകഴിച്ചോ ആത്മഹത്യചെയ്യുന്നു. കടക്കെണി മൂലം എത്രയോ പേർ സ്വയം ജീവനൊടുക്കുന്നു.

പരാജയഭീതിയിൽ നിരാശപ്പെട്ട് പ്രശ്നത്തിൽ നിന്നും ഓടി ഒളിക്കാൻ സ്വീകരിക്കുന്ന മാർഗ്ഗമാണ് ആത്മഹത്യ. സ്വയം ജീവനെ ഉൽപാദിപ്പിക്കാൻ കഴിയാത്തവന് അതിനെ ഇല്ലാതാക്കാൻ അവകാശമില്ല. ജീവൻ നൽകുവാനും അതിനെ തിരിച്ചെടുക്കുവാനും ജീവദാതാവായ ദൈവത്തിന് മാത്രമേ അവകാശമുള്ളൂ. ജീവിതത്തിന്റെ താളപ്പിഴകൾ സ്വയം വരുത്തിവെച്ചതാണെന്നുള്ള കുറ്റബോധമാണ് ആത്മഹത്യയിലേക്ക് നയിക്കുന്നത്. വേറൊന്ന് മാതാപിതാക്കളെയും സമൂഹത്തെയും നേരിടാനുള്ള ധൈര്യമില്ലായ്മയാണ്.

ഏതു സ്വയഭക്തിയും ജീവിതപരാജയത്തിന്റെ പ്രതിഫലനമാണ്. നസ്രയനായ യേശുവിനെക്കുറിച്ച് അന്നത്തെ ഭരണാധികാരി പീലാത്തൊസ് പറയുന്നത് ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്നാണ്. ശതാധിപന്റെ സാക്ഷ്യം യേശു വാസ്തവമായി നീതിമാനും ദൈവപുത്രനുമെന്നാണ്. എന്നാൽ തന്റെ ശിഷ്യന്മാരിലൊരുവനായ ഈസ്കരിയോത്താ യൂദാ 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്തു. തന്റെ അപരാധം വ്യക്തമായപ്പോൾ തനിക്ക് ലഭിച്ച പ്രതിഫലമായ 30 വെള്ളിക്കാശ് ദൈവാലയത്തിൽ എറിഞ്ഞ ശേഷം കെട്ടിത്തൂങ്ങി ആത്മഹത്യചെയ്തു. അതോടെ അവൻ അവസാനിച്ചു എന്ന് കരുതുന്നവർ അനവധി. എന്നാൽ മാറ്റമില്ലാത്ത ദൈവവചനം പറയുന്നത് ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു എന്നാണ്. മരണശേഷം ഒരു ദൈവിക ന്യായവിധി ഉണ്ട് എന്നത് സത്യമാണ്. തന്റെ തെറ്റു മനസ്സിലാക്കി പശ്ചാത്തപിച്ച് ഏറ്റു പറയുവാൻ യേശു കർത്താവ് യൂദയ്ക്ക് എത്രയോ അവസരങ്ങൾ നൽകി. മനസാക്ഷിക്ക് വിരുദ്ധമായ പാപം ചെയ്താൽ മടങ്ങിവരുവാനുള്ള അന്തകരണത്തിന്റെ പ്രചോദനത്തെ തള്ളിക്കളഞ്ഞ് ആത്മഹത്യക്ക് ശ്രമിക്കുന്നത് പരിഹാരമല്ല, പരാജയമാണ്. ഫിലിപ്യയിലെ കാരാഗൃഹപ്രമാണി തന്റെ നിയന്ത്രണത്തിലുള്ള തടവുകാർ ഓടിപ്പോയി എന്ന മിഥ്യാധാരണയാൽ ആത്മഹത്യയ്ക്ക് ഒരുങ്ങുന്നു. എന്നാൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് നിനക്ക് ഒരുദോഷവും ചെയ്യരുത് ഞങ്ങളെല്ലാവരും ഇവിടെ ഉണ്ട് എന്നാണ്. കാരാഗൃഹപ്രമാണിയുടെ പ്രതികരണം രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം എന്നാണ്. ആ വലിയ പ്രതിസന്ധിയിൽ നിന്നും അവന് വിടുതൽ ലഭിച്ചു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. യേശുക്രിസ്തുവിൽ ശരണം പ്രാപിക്ക എന്ന ആ മാർഗ്ഗത്തിൽക്കൂടെ മാത്രമേ ആത്മഹത്യയിൽനിന്നും രക്ഷ പ്രാപിപ്പാൻ സാധിക്കുകയുള്ളൂ. അവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചതിനാൽ വീടടക്കം സന്തോഷിച്ചു.

നാം നേരിടുന്ന എല്ലാ പ്രശ്നത്തിനും കാരണം മനുഷ്യനിലുള്ള പാപമാണ്. പാപത്തിന്റെ ശമ്പളമാണ് മരണം. പാപത്തിന് പരിഹാരം വരുത്തിയ യേശുക്രിസ്തുവിൽ വിശ്വസിച്ചാശ്രയിക്കുന്നവന് ആത്മഹത്യയെ പരാജയപ്പെടുത്തുവാൻ കഴിയുന്നതാണ്. ജീവിതം ഒരൊളിച്ചോട്ടമല്ല. ഏതു പ്രതിസന്ധിയെയും നേരിടാനുള്ള ധൈര്യമാണാവശ്യം. നാം വിചാരപ്പെട്ടാൽ നമ്മുടെ പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയുകയില്ല. എന്നാൽ നമുക്കു വേണ്ടി വിചാരപ്പെടുന്ന ഒരു ദൈവമുണ്ട് എന്ന വിശ്വസമാണ് ആവശ്യം. ഈ ദൈവത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നവും മനുഷ്യന് നേരിടേണ്ടി വരികയില്ല.

യിസ്രയേലിലെ ഒന്നാമത്തെ രാജാവായ ശൗൽ ദൈവകല്പനയെ അവഗണിച്ചു. സ്വയത്തിലാശ്രയിച്ചു. തന്നെ ഉന്നതമായ പദവിയിൽ അവരോധിച്ച ദൈവത്തെ അനുസരിക്കാതെ സ്വയശക്തിയിൽ ഊറ്റംകൊണ്ടു. എന്നാൽ ദൈവത്തിൽമാത്രം ആശ്രയം വെച്ച ദാവീദിന്റെ വിജയങ്ങൾ കണ്ടനുഭവിച്ച ശൗൽ ഒരു പാഠം പഠിച്ചില്ല. അസൂയാകലുഷിതനായിത്തീർന്നു. ഒടുവിൽ ശത്രുവിന്റെ മുമ്പിൽ പരാജയപ്പെട്ട് സ്വയം ആത്മഹത്യ ചെയ്യുകയായിരുന്നു. ദൈവാശ്രയത്തിന്റെ അപജയമാണ് ഭീതിക്കും പരാജയത്തിനും കാരണം.

നിയന്ത്രിക്കാൻ കഴിയാത്ത പെട്ടെന്നുള്ള വികാരമാണ് പലരെയും ആത്മഹത്യയിലേക്ക് നയിക്കുന്നത്. ഈ വൈകാരികതയ്ക്ക് പല കാരണങ്ങളും കാണാം. എന്നാൽ ജീവിതത്തെ വികാരത്താൽ അല്ല വിവേകത്തോടുകൂടിയാണ് നേരിടേണ്ടത്. മിഥ്യയായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യം തിരിച്ചറിയാനുള്ള വിവേകമില്ലാതെ വൈകാരികതയ്ക്ക് അടിമപ്പെടുന്നതിനാലാണ് പരാജയപ്പെടുന്നത്. മനുഷ്യജീവിതത്തിന്റെ മൂല്യം എന്തെന്ന് മനസ്സിലാക്കാതെ ചെയ്യുന്ന വിവേകമില്ലായ്മ. ഒരു മനുഷ്യൻ സകല ലോകവും നേടിയാലും അവന്റെ ആത്മാവിനെ നഷ്ടമാക്കി

# പുതിയ സൃഷ്ടി - 15

എം.റ്റി. ജോർജ്ജ്, കോന്നി

ജന്മസിദ്ധമായ സ്വഭാവസവിശേഷതകളെ ആസ്പദമാക്കി പൊതുവെ 4 വിധസ്വഭാവക്കാരുണ്ടെന്ന് നാം മനസ്സിലാക്കി. ഓരോരുത്തരിലും മുന്നിട്ടു നിൽക്കുന്ന സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തരെയും ഏതേതു വിഭാഗത്തിൽ പെടുത്തണമെന്ന് തീരുമാനിക്കുന്നത്. എല്ലാവരിലും ഒന്നിലധികം വിഭാഗത്തിൽപ്പെട്ടവരുടെ സ്വഭാവങ്ങൾ ഏറ്റക്കുറച്ചിലോടുകൂടി കാണാം. ഏതു വിഭാഗത്തിൽപ്പെട്ടവരായാലും പരിശുദ്ധാത്മാവിനു വിധേയപ്പെടുമ്പോൾ അത്ഭുതകരമായ മാറ്റം അവനിൽ സംഭവിക്കുന്നു എന്ന് തിരുവെഴുത്തിലെ ചില വ്യക്തികളെ ഉദ്ധരിച്ച് വിശദീകരിക്കുകയും ഉണ്ടായി. നാലാമത്തെ വിഭാഗമായ (Phlegmatics) ഉദാസീന വിഭാഗത്തെപ്പറ്റിയാണ് ഇനിയും പരിഗണിക്കുവാനുള്ളത്.

ജീവിതത്തിൽ ഏറ്റവുമധികം സഹകരിക്കാൻ കൊള്ളാവുന്ന വിഭാഗമാണ് ഉദാസീനർ. അവരുടെ പ്രശാന്തവും പിരിമുറുക്കമൊന്നും പ്രദർശിപ്പിക്കാത്തതുമായ പ്രകൃതം ആരെയും വശീകരിക്കും. സ്വതസിദ്ധമായ അവരുടെ നർമ്മബോധം അവരുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടുവാൻ മറ്റുള്ളവർക്ക് ഇടയാക്കും. മറ്റുള്ള പ്രകൃതക്കാരിൽ നിന്ന് വിഭിന്നമായി രക്ഷയുടെ അനുഭവത്തിൽ വരുന്നതിനു മുമ്പുതന്നെ രക്ഷിക്കപ്പെട്ടവരുടെ പെരുമാറ്റ സവിശേഷതകൾ പ്രകടിപ്പിക്കുന്ന 'നല്ല' വ്യക്തികളായി കാണപ്പെടും. അവർ പ്രായോഗിക മനസ്സിന്റെ ഉടമകളും കഴിവും യാഥാസ്ഥിതികതയും പുലർത്തുന്ന നർമ്മബോധമുള്ള ആശ്രയിക്കാൻ കൊള്ളാവുന്ന വിഭാഗക്കാരും ആയിരിക്കും. പ്രായേണ അന്തർമുഖികളായതിനാൽ അവരുടെ ബലഹീനതകളും അതുപോലെ ശാക്തീകവശങ്ങളും എളുപ്പത്തിൽ പ്രകടമാകുകയില്ല. അവരുടെ ഏറ്റവും വലിയബലഹീനത സ്വയം പ്രേരകശക്തി ഇല്ല എന്നുള്ളതാണ്.

പരിശുദ്ധാത്മാവിന് വിധേയപ്പെടുകയും അങ്ങനെ ഒരു പ്രേരകശക്തിക്ക് ഏൽപ്പിക്കപ്പെടുകയും ചെയ്താൽ ഉദാസീനൻ ക്രിസ്തുവിന്റെ ദാസൻ എന്ന നിലയിൽ അസാധാരണമായി വിജയം വരിക്കും. ഒരിക്കലും അവർ സ്വയം നേതൃത്വം ഏറ്റെടുക്കുകയില്ല. എന്നാൽ നേതൃത്വഗുണങ്ങൾ അവരിൽ നിർല്ലീനമായിരിക്കും. അവരുടെ കഴിവുറ്റതും കൃപയോടുകൂടിയതുമായ പെരുമാറ്റം ഉരസൽ ഒഴിവാക്കുകയും ചെയ്യും.

നോഹ, ശമൂവേൽ, ദാനീയേൽ, നഥനയേൽ, ഫിലിപ്പോസ്, യാക്കോബ് അപ്പൊസ്തലൻ എന്നീ വേദപുസ്തക പുരുഷന്മാർ ഒക്കെ ഉദാസീന വിഭാഗത്തിൽ പെടുന്നവരായിരുന്നു. നമ്മുടെ പഠനത്തിന് ഏറ്റവും അനുയോജ്യനായത് അബ്രാഹാമാണ്. പരിശുദ്ധാത്മാവിന്റെ നവീകരണശക്തി ലഭിച്ചില്ലായിരുന്നെങ്കിൽ അബ്രാഹാമിന് ഒരു വലിയ വ്യക്തി ആയിത്തീരുവാൻ കഴിയുമായിരുന്നില്ല. നമ്മുടെ കർത്താവായ യേശുക്രിസ്തു കഴിഞ്ഞാൽ തിരുവെഴുത്തിൽ ഏറ്റവുമധികം ആദരിക്കപ്പെടുന്ന വ്യക്തി അബ്രാഹാമാണ്. കർത്താവിലാശ്രയിച്ച് പരിശുദ്ധാത്മാവിൽ നടന്ന കാലഘട്ടമൊക്കെ അബ്രാഹാം വിജയപാതയിലായിരുന്നു. ഭയം സംശയം ഇവ പിടിപെട്ട് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചപ്പോഴൊക്കെ അദ്ദേഹം ഒരു വൻപരാജയവുമായിരുന്നു.

ഉദാസീനസ്വഭാവക്കാരുടെ പ്രകൃതിദത്തമായ പ്രവർത്തനവിമുഖത, തീരുമാനശേഷിയില്ലായ്ക, ഭയം എന്നിവ ദൈവം അബ്രാഹാമിനെ വിളിക്കുന്ന

---

യാൽ അവന് എന്ത് പ്രയോജനം? ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയെന്ന ദൈവിക സുപ്രീംകോടതിയുടെ തീർപ്പ് മാറ്റമില്ലാത്തതാണ്. ശാരീരിക മരണത്താൽ എല്ലാം തീരുമെന്ന ധാരണ ഹിമാലയൻ മഠയത്തരമാണ്. ഒരിക്കലും നശിക്കാത്ത ആർക്കും നശിപ്പിക്കുവാൻ കഴിയാത്ത ഒരു ആത്മാവ് മനുഷ്യനുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ശാരീരിക മരണത്തിനു ശേഷം മനുഷ്യനിൽ നിന്നും വിട്ടു പിരിയുന്ന ആത്മാവിന് ദൈവസന്നിധിയിൽ ഒരു ന്യായവിധിയുണ്ട്. മനുഷ്യന്റെ പാപത്തിന്മേലുള്ള ശിക്ഷാവിധി മുഴുവൻ യേശുകർത്താവ് കാൽവറി ക്രൂശിൽ ചുമന്നൊഴിച്ചു. രക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിക്കുന്നവരുടെ പാപത്തിന്മേലുള്ള ശിക്ഷാവിധി തുടച്ചുമാറ്റിയിരിക്കുന്നു. കർത്താവ് പറഞ്ഞത് എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നാണ്. വിശ്വാസത്താൽ ലഭിക്കുന്നത് ജീവനല്ല, നിത്യജീവനാണ്. ഈ ഭംഗമില്ലാത്ത ഭാഗ്യകരമായ നല്ല പ്രത്യാശ ലഭിച്ചിരിക്കുന്നവർ ആത്മഹത്യ ചെയ്യുകയില്ല. ആ പ്രത്യാശ അവന്റെ ആത്മാവിന്റെ നങ്കൂരമാണ്. ഈ ലോകമാകുന്ന മഹാസാഗരത്തിൽ കാറ്റും കോളും ചുഴികളുമുണ്ടായാൽ ഈ പ്രത്യാശയുടെ നങ്കൂരമുള്ളവൻ പതറുകയില്ല. ത്രിയേകദൈവത്തിൽ വിശ്വസിച്ച് അവനിൽ മാത്രം ശരണപ്പെട്ട് ജീവിതം ചിട്ടപ്പെടുത്തിയാൽ ആത്മഹത്യയെ പരാജയപ്പെടുത്തി നിത്യസമാധാനത്തിൽ ജീവിപ്പാൻ കഴിയുന്നതാണ്. ദൈവനാമം വാഴ്ത്തപ്പെടട്ടെ. ●

സന്ദർഭത്തിൽത്തന്നെ വ്യക്തമായി കാണാവുന്ന താണ്. ബാബേൽ ഗോപുരത്തിന്റെ തകർച്ചയും നിമ്രോദിന്റെ കാലഘട്ടത്തിനുശേഷം ഉയർന്നുവന്ന കൽദായ ദേശത്തിലെ 'ഊർ' എന്ന പട്ടണമാ യിരുന്നു അബ്രാഹാമിന്റെ ജന്മസ്ഥലം. പുരാ വസ്തു ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത് 1000 വർ ഷങ്ങൾക്കു ശേഷം നെബുഖദ്നേസറിന്റെ കാല ത്തുണ്ടായിരുന്ന ബാബിലോനെപ്പോലെ തന്നെ ഉന്നതനിലവാരത്തിലെത്തിയ ഒരു പട്ടണമായി രുന്നു 'ഊർ' എന്നാണ്.

ദൈവം തന്റെ സ്വന്തജനമായി തിരഞ്ഞെടുത്ത വിശിഷ്ടജാതിയുടെ പിതാവായി അറിയപ്പെടേണ്ട യുവാവായ അബ്രാഹാമിനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ജീവിക്കുവാൻ അനുയോജ്യമല്ലാത്ത ഒരു സ്ഥലമായിരുന്നു 'ഊർ'. അതുകൊണ്ട് ദൈവം അവനെ വിളിച്ച് 'നീ നിന്റെ ദേശത്തെയും നിന്റെ ചാർച്ചക്കാരെയും വിട്ട് ഞാൻ നിനക്ക് കാണിച്ചു തരുന്ന ദേശത്തിലേക്ക് ചെല്ലുക എന്ന് കല്പിച്ചു' (അപ്പൊ. 7:3). എന്നാൽ അബ്രാഹാം ദൈവത്തിൽ മാത്രം ആശ്രയിച്ച് യാത്രമുഴുമിപ്പിക്കു ന്നതിന് പകരം പിതാവിന്റെ സഹായം തേടി ഹാരാനിൽ പിതാവിനോടൊപ്പം താമസിക്കുന്നു. പിതാവായ തേരഹിന്റെ മരണശേഷം പിന്നെയും ദൈവം അവനോട് കല്പിച്ചതിനു ശേഷമേ അവൻ യാത്ര തുടർന്നുള്ളൂ. പക്ഷേ അവൻ തന്റെ അന ന്തിരവനായ ലോത്തിനെകൂടെ കൊണ്ടുപോയി.

ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ 'ഉദാസീനർക്ക്' വളരെ പ്രയാസമാണ്. ഈ വിഭാഗ ക്കാരുടെ പ്രത്യേകതയായ 'ഭയ'മായിരിക്കാം അതിനു കാരണം. എന്തിനെക്കുറിച്ചും ഉത്കണ്ഠാ കുലരാകുകയും വേവലാതിപ്പെടുന്ന സ്വഭാവം തൊഴിലാക്കുകയും ചെയ്യുന്നവരാണ് 'ഉദാസീനർ'. വാതിലുകൾ തുറക്കപ്പെടുമ്പോൾ അതിൽ പ്രവേ ശിക്കുന്നതിൽ അവർ വിമുഖരായി കാണപ്പെടും. കഴിവുകുറവുകൊണ്ടല്ല, പ്രത്യുത അജ്ഞാത മേഖലകളിലേക്ക് ധൈര്യസമേതം പ്രവേശിച്ച് വിജയം വരിക്കുവാൻ അവരുടെ സംശയാലുത്വം സമ്മതിക്കുകയില്ല എന്നതിനാലാണ്. പിതാവിനെ വേർപിരിയുവാൻ ആദ്യം അവനു കഴിഞ്ഞില്ല. പിന്നീടാകട്ടെ ഒരു സുരക്ഷിത കവചമായി ലോത്തിനെ കൂട്ടുപിടിക്കുകയും ചെയ്തു. തനിയെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ പഠിക്കുമ്പോൾ മാത്രമേ ഉദാസീനർക്ക് ദൈവ ത്തിന്റെ കരങ്ങളിലെ ശക്തമായ ആയുധങ്ങളായി ഉപയോഗപ്പെടുവാൻ കഴിയുകയുള്ളൂ. സുരക്ഷാക വചമായി തിരഞ്ഞെടുക്കപ്പെടുന്നവർ, ലോത്ത് അബ്രാഹാമിനെന്നപോലെ തടസ്സങ്ങളായി മാത്രമേ നിൽക്കുകയുള്ളൂ.

ദൈവത്തിന്റെ വാക്കുകൾ അതുപോലെ അനുസരിച്ചിരുന്നു എങ്കിൽ പിന്നീട് അബ്രാഹാം നേരിട്ട പല പ്രശ്നങ്ങളും ഒഴിവാക്കാമായിരുന്നു. എല്ലാ തലമുറകളിലുമുള്ള ക്രിസ്തു വിശ്വാസികൾ പ്രത്യേകിച്ച് ഉദാസീന ഗണത്തിൽപെട്ടവർ അബ്രാഹാം പഠിച്ച പാഠങ്ങൾ പിന്നെയും സ്വയം പഠിക്കേണ്ടതുണ്ട്. പിന്നെയും ദൈവം അബ്രാഹാ മിനോട് വാഗ്ദത്തം ചെയ്തത് 'നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കും' (ഉല്പത്തി 12:7). അപ്പോൾ അബ്രാഹാമിന് 75 വയസ്സുണ്ടായിരുന്നു. ആ പ്രായത്തിൽ പിതാവാകുക എന്നുള്ളത് സാധാരണമല്ലെങ്കിലും അസാധ്യമല്ലായിരുന്നു. അതൊക്കെക്കൊണ്ട് ദൈവം പിന്നെയും സമയം നീട്ടി. പിതൃത്വം ശരീരശാസ്ത്രപ്രകാരം അസാധ്യ മായ സമയത്താണ് ദൈവം തന്റെ വാഗ്ദത്തം അത്ഭുതകരമായി നിവർത്തിച്ച് തന്റെ വിശ്വസ്തത അബ്രാഹാമിനു മാത്രമല്ല എല്ലാതലമുറകളിലു മുള്ള വിശ്വാസികൾക്ക് ഉറപ്പിച്ചു കൊടുത്തത്.

പരിശോധനയിൽക്കൂടെയാണ് ദൈവം നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നത്. യാക്കോബ് ഇപ്ര കാരം പറഞ്ഞിരിക്കുന്നു "എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്നെണ്ണുവിൻ" (യാക്കോബ് 1:2-3). അബ്രാഹാമിനെ ദൈവം പരീക്ഷിക്കുകയായി രുന്നു. നമ്മുടെ വിശ്വാസവും പരിശോധിക്കപ്പെടും എന്നു നാം അറിഞ്ഞിരിക്കണം. അപ്പോൾ പിറു പിറുക്കുകയോ മാനുഷികമായ പരിഹാരമാർഗ്ഗം തേടുകയോ ചെയ്യാതെ പരിഹാരത്തിന് ദൈവ ത്തിൽ ശരണപ്പെടുകയാണ് വേണ്ടത്.

അബ്രാഹാമിന് ഈ വാഗ്ദത്തം ലഭിച്ച് അധികം കഴിയുന്നതിനു മുമ്പെ അബ്രാഹാമിനെ ദൈവം പരീക്ഷിച്ചു. ഉല്പത്തി 12:10 ൽ ഇപ്രകാരം വായിക്കുന്നു. "ദേശത്ത് ക്ഷാമം ഉണ്ടായി. ദേശത്ത് ക്ഷാമം കഠിനമായിത്തീർന്നതുകൊണ്ട് അബ്രാ ഹാം മിസ്രയീമിൽചെന്ന് പാർക്കാൻ അവിടേക്ക് പോയി"ലോത്തിനെപ്പോലെ മിസ്രയീമും അബ്രാ ഹാമിന് ഒരു മിഥ്യാസങ്കേതമായിരുന്നു. ദൈവ ത്തോട് ചോദിക്കാതെ താൻ വിട്ടുപോന്ന ദേശ ത്തോട് സമാനമായി പുറജാതിദേശത്തേക്ക് താനും കുടുംബവും പോയി. കനാനിൽ തന്നെ വിടുതലിനായി കാത്തിരുന്നുവെങ്കിൽ മിസ്രയീമിൽ സംഭവിച്ച അപമാനകരമായ പരാജയം നേരി ടേണ്ടി വരുമായിരുന്നില്ല. 'നിങ്ങളെ വിളിച്ചവൻ വിശ്വസ്തൻ ആകുന്നു. അവൻ അത് നിവർത്തിക്കും' (1. തെസ്സ 5:29) എന്ന വാഗ്ദത്തം ഓരോ വിശ്വാസിയും പിടിച്ചുകൊള്ളേണ്ടതാണ്.

ഉദാസീനരുടെ അനുമോദനാർഹമായ ഒരു സവിശേഷതയാണ് അവരുടെ സമാധാന കാംക്ഷ. അന്യർക്ക് അഹിതമായി ഒന്നും സംഭവിക്കാതെ

ശാന്തതയും രമ്യമനോഭാവവും പുലർത്താൻ അവർ എപ്പോഴും ശ്രദ്ധിക്കും. അബ്രാഹാമിന്റെ ഇടയന്മാരും ലോത്തിന്റെ ഇടയന്മാരും തമ്മിൽ ഇടഞ്ഞപ്പോൾ അബ്രാഹാം അതാണ് ചെയ്തത്. അബ്രാഹാമിന്റെ വാക്കുകൾ നോക്കുക. "എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടാകരുതേ; നാം സഹോദരന്മാരല്ലോ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടു പിരിഞ്ഞാലും നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം. നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം എന്നു പറഞ്ഞു" (ഉല്പ.13:8,9). പ്രതിസന്ധി സമാധാനപരമായി പരിഹൃതമായി. ഈ വേർപിരിവ് അബ്രാഹാമിന്റെ ഹൃദയത്തിന് വളരെ വേദന ഉണ്ടാക്കിക്കാണും.

ലോത്ത് അബ്രാഹാമിനെ വിട്ടു പിരിഞ്ഞതിനുശേഷമാണ് ദൈവം അബ്രാഹാമിന് ദേശത്തിനുമേൽ ശാശ്വത അവകാശം ഉറപ്പിച്ചു കൊടുത്തത് എന്നുള്ളത് യാദൃശ്ചികമായിരിക്കണമെന്നില്ല. സമ്പൂർണ്ണമായ വിശ്വാസമുള്ളിടത്തേ അനുഗ്രഹം പകരുകയുള്ളൂ. "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല" (എബ്രാ. 11:6).

പൂർണ്ണമായി കർത്താവിൽ ആശ്രയിക്കുവാൻ നമുക്ക് മനസ്സില്ലെങ്കിൽ, നമുക്ക് ലഭിക്കേണ്ട അനുഗ്രഹങ്ങൾ ലഭിക്കാതെ പോകും. അല്ലെങ്കിൽ ആശ്രയിക്കുവാൻ നമ്മെ പഠിപ്പിക്കേണ്ടതിന് പരിശോധനകൾ അനുവദിക്കും അബ്രാഹാമും ലോത്തും തമ്മിൽ വേർപിരിഞ്ഞപ്പോഴാണ് ഉല്പത്തി 13:14-17 വരെയുള്ള അനുഗ്രഹങ്ങൾ ദൈവം അവനു വാഗ്ദത്തം ചെയ്തത്. അതിപ്രകാരമാണ്. "തലപൊക്കി നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും. ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും; ഭൂമിയിലെ പൊടിയെ എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം. നീ പുറപ്പെട്ട് ദേശത്ത് നെടുകെയും കുറുകെയും സഞ്ചരിക്ക; ഞാൻ അത് നിനക്ക് തരും".

പ്രതിസന്ധികളാണ് ഒരു വ്യക്തിയുടെ യഥാർത്ഥ അവസ്ഥ വെളിവാക്കുന്നത്. പ്രതിസന്ധികൾ സ്വഭാവത്തിൽ മാറ്റംവരുത്തുകയല്ല, ആ വ്യക്തിയുടെ ശരിയായ സ്വഭാവത്തെ വെളിപ്പെടുത്തുകയാണ്ചെയ്യുന്നത്. മറ്റെല്ലാ വിഭാഗത്തേയുംകാൾ പ്രതിസന്ധികളിൽ തിളങ്ങുന്നത് ഉദാസീനവിഭാഗത്തിൽ പെട്ടവരാണ്. പ്രതിസന്ധികളിൽ പ്രസന്നൻ ഇടയ്ക്കിട്ടേച്ച് ഓടിക്കളയും വിഷാദാത്മകൻ തകർന്നുപോയേക്കാം. ഗർവ്വിഷ്ഠനും ഉദാസീനനും അവസരത്തിനൊത്ത് ഉയരുവാൻ കഴിവുള്ളവരാണ്. ഗർവ്വിഷ്ഠൻ ഒരു അന്തർ പ്രചോദനത്തിനനുസൃതമായി പ്രവർത്തിക്കുമ്പോൾ ഉദാസീനൻ സംഘാടക ശേഷിയും അഭികാമ്യവുമായ കഴിവുകളും പ്രദർശിപ്പിക്കും. അബ്രാഹാമിന്റെ ചരിത്രത്തിൽ അങ്ങനെ ഒരു സന്ദർഭമാണ് ഉല്പത്തി 14-ാം അദ്ധ്യായത്തിൽ കാണുന്നത്.

സോദോമിൽ പാർപ്പുറപ്പിച്ച ലോത്തും ആളുകളും ശത്രുരാജാക്കന്മാരുടെ ആക്രമണത്തിൽ ബദ്ധരായി പിടിക്കപ്പെട്ടു എന്നറിഞ്ഞ അബ്രാഹാം തന്റെ വീട്ടിൽ ജനിച്ച 318 അഭ്യാസികളുമായി അവരെ പിന്തുടർന്ന് തോൽപിച്ച് ലോത്തിനെയും സമ്പത്തുകളെയും വിടുവിച്ചു കൊണ്ടുവന്നു എന്നാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാസീനവിഭാഗക്കാരുടെ സവിശേഷതകൾ ഈ സംഭവത്തിലൂടെ വെളിപ്പെടുന്നു. സ്വന്തം സുരക്ഷിതത്വം കണക്കിടാതെ തന്റെ ബന്ധുവിനെ ശത്രുവിൽനിന്ന് വിടുവിക്കുവാൻ അബ്രാഹാം കാണിച്ച ധൈര്യവും സ്നേഹവും കർമ്മകുശലതയും യുദ്ധതന്ത്രവും തികച്ചും ശ്ലാഘനീയം തന്നെ. ഈ വൻവിജയം അബ്രാഹാമിനെ സ്വയം പുകഴുന്നവനോ വിജയമത്തനാകുന്നവനോ ആയിത്തീരുവാൻ ഇടയാക്കിയില്ല. ദൈവത്തിൽ നിന്നാണ് എല്ലാം ലഭിച്ചതെന്ന് അവൻ മനസ്സിലാക്കി ശാലേമിലെ പുരോഹിതനായ മൽക്കിസദേക്കിന് ദശാംശം കൊടുക്കുകയാണ്. മടക്കിക്കൊണ്ടുവന്ന വസ്തുവകകളിൽ ഒന്നുംതന്നെ അവൻ സ്വീകരിക്കുന്നതുമില്ല. ആത്മാവിനാൽ പുതുക്കം പ്രാപിച്ച ഒരു ഉദാസീനനെയാണ്. നാം അബ്രാഹാമിൽ ദർശിക്കുന്നത്. (തുടരും)

## വിലാസമാറ്റം

**മൂവാറ്റുപുഴ :** ബ്രദറൺ സഭയുടെ അഡ്രസ്സ് Muvattupuzha Brethren Assembly, M.C. Road, Mudavoor P.O., Muvattupuzha - 686 669.

## പുസ്തക പരിചയം

പരേതനായ ബ്രദറൺ സഭാ സുവി.വി.എം. മാത്യു കുമ്പനാടിന്റെ (പാപ്പച്ചൻ ഉപദേശി) ജീവചരിത്രഗ്രന്ഥമായ 'പരിശോധനയിൽ നിന്ന് പറുദീസയിലേക്ക്' പ്രകാശനം ചെയ്തു. വില 70 രൂപ. ഈ പുസ്തകത്തിൽ നിന്നുള്ള വരുമാനം കെ.ഇ.എം.ഫണ്ടിൽ ഏൽപ്പിക്കുന്നതാണ്. പുസ്തകം ആവശ്യപ്പെടേണ്ട വിലാസം : ജോർജ്ജ് വി. മാത്യു, സയൺ കുടമാളൂർ പി.ഒ., കോട്ടയം- 686017 ഫോൺ : 0481 - 2391559- മൊ.9495706341.

*ആത്മപ്രകാശിനി മാസികയുടെ വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയുംവേഗം അയച്ചു തന്ന് സഹകരിച്ചാലും*

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-4

## IV. ദൈവത്തിന് നന്ദിപറയുന്ന പൗലൊസ് (1 തിമൊ. 1:12-17)

### A. ക്രിസ്തു നൽകിയ ശുശ്രൂഷ (1:12)

ജേക്കബ് തോമസ്, മാവേലിക്കര

"*എനിക്ക് ശക്തിനല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷക്ക് ആക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു*" (1:12).

കർത്താവായ യേശുക്രിസ്തുവാണ് തന്നെ ശുശ്രൂഷയ്ക്ക് വിളിച്ചത് എന്ന കാര്യം പൗലൊസ് എന്നും നന്ദിയോടെ ഓർത്തിരുന്നു. ദൈവിക ശുശ്രൂഷ താൻ സ്വയമായി തിരഞ്ഞെടുത്തതല്ല; മറ്റുള്ള സഭാനേതാക്കന്മാർ ഭരമേല്പിച്ചതുമല്ല; മറിച്ച്, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു തന്നോട് കല്പിക്കയും ഭരമേൽപിക്കയും ചെയ്ത വലിയ ദൗത്യമായിരുന്നു. ഈ ആശയം ഗലാത്യ 1:11,12 വാക്യങ്ങളിൽ കാണുവാൻ കഴിയും. "*സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്ന് നിങ്ങളെ ഓർപ്പിക്കുന്നു. അത് ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രെ പ്രാപിച്ചത്*". യേശുക്രിസ്തുവാണ് തന്നെ ഈ വിലയേറിയ ശുശ്രൂഷ ഭരമേല്പിച്ചത് എന്ന കാര്യം അനേക നിലകളിൽ പൗലൊസിന് പ്രചോദനമായിരുന്നു.

ഒന്നാമതായി, ഇത് തന്റെ ക്രിസ്തീയ പ്രവർത്തനങ്ങളിലെല്ലാം വ്യക്തമായി പ്രതിഫലിച്ചിരുന്നു. പൗലൊസിന്റെ ജീവിതം നോക്കുക. എത്ര ലക്ഷ്യബോധത്തോടെയും കർത്തവ്യബോധത്തോടെയുമാണ് താൻ പ്രവർത്തിച്ചത്. ദൈവമാണ് തന്നെ ഈ വലിയ ദൗത്യം ഭരമേല്പിച്ചത് എന്ന ചിന്ത താൻ ദൈവത്തോട് കടപ്പെട്ടവനാണെന്നും ദൈവസന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ടവനാണെന്നും ഓർത്ത് ജീവിക്കുന്നതിന് തന്നെ സഹായിച്ചിരുന്നു. ഈ നിലയിലുള്ള ചിന്താഗതിയും മനോഭാവവും നമുക്കും അനിവാര്യമാണ്. തികച്ചും ലാഘവബുദ്ധിയോടെ നിവർത്തിക്കേണ്ട ഒരു കാര്യമല്ല ദൈവിക വേല.

രണ്ടാമതായി, യേശുക്രിസ്തുവാണ് തന്നെ ആത്മീയപ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ഭരമേല്പിച്ചത് എന്ന ചിന്ത എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യുവാൻ പൗലൊസിനെ സജ്ജമാക്കി. പൗലൊസിന്റെ ജീവിതം ഒരു വലിയ പോരാട്ടം ആയിരുന്നു. രോഗം, എതിർപ്പ്, പീഡനങ്ങൾ അങ്ങനെ അനേകം പ്രതിസന്ധികൾ പൗലൊസ് തരണം ചെയ്തു. ആ സമയത്തോക്കെയും പൗലൊസിനെ പ്രോത്സാഹിപ്പിച്ച വിഷയം ക്രിസ്തു തനിക്ക് ശക്തി പകരുന്നു എന്നതാണ്. സഭകളോടുള്ള ഭാരിച്ച ഉത്തരവാദിത്തം, നിരന്തരമായ സുവിശേഷ പ്രവർത്തനങ്ങൾ, ഇവയൊക്കെയും വിജയപ്രദമായി നിവർക്കുവാൻ പൗലൊസിന് കഴിഞ്ഞു എന്നത് വളരെ അതിശയകരമായ വസ്തുതയാണ്. അതിന് പ്രചോദനമായി തീർന്നത് ക്രിസ്തുവാണ് തന്നെ ഈ വലിയ ദൗത്യം ഭരമേല്പിച്ചത് എന്ന ചിന്തയാണ്.

മൂന്നാമതായി, തന്നെ കർത്താവ് ഭരമേല്പിച്ച ദൗത്യത്തിന് പൗലൊസ് എന്നും നന്ദിയുള്ളവനായിരുന്നു. അസന്തുഷ്ടിയോടും പിറുപിറുപ്പോടും കൂടെ ചെയ്യുവാനുള്ളതല്ല ആത്മീയ പ്രവർത്തനങ്ങൾ എന്ന് പൗലൊസ് നമ്മെ പഠിപ്പിക്കുന്നു. സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക: "*എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു എളിയവർ അത് കേട്ട് സന്തോഷിക്കും*" (34:2). ദൈവം നമ്മെ ഭരമേല്പിച്ച ഉത്തരവാദിത്തങ്ങൾ ഈ നിലയിലുള്ള മനോഭാവത്തോടെ നമുക്ക് ചെയ്ത് തീർക്കാം.

### B. ക്രിസ്തു വരുത്തിയ മാറ്റം (1:13-15)

"*മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠുരനും ആയിരുന്നു. എങ്കിലും അവിശ്വാസത്താൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്ക് കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ*" (1:13-15).

പൗലൊസ് ദൈവത്തെ സ്തുതിക്കുവാൻ പ്രധാന കാരണം ക്രിസ്തുവിനെ കൂടാതെയുള്ള തന്റെ ജീവിതം പൗലൊസിന്റെ മുമ്പിൽ വ്യക്തമായ ഒരു ചിത്രം പോലെ എപ്പോഴും ഉണ്ടായിരുന്നു എന്നുള്ളതാണ്. തന്റെ ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതം പൗലൊസ് മൂന്ന് പദപ്രയോഗങ്ങളിലൂടെ വരച്ച് കാണിക്കുന്നു. അതിനെക്കാൾ ഉപരിയായി ആർക്കും അത് വിവരിക്കാൻ കഴിയുകയില്ല. ക്രിസ്തുവിനെ ദുഷിക്കുക മാത്രമല്ല അനേകരെ അതിന് പ്രേരിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് പൗലൊസ്. "*ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുകൊണ്ട് ദൂഷണം പറവാൻ നിർബന്ധിച്ചു*" (അപ്പൊ. 26:11). യേശുക്രിസ്തുവിന്റെ ദൈവപുത്രനെന്ന അവകാശ പ്രഖ്യാപനങ്ങളെ വെറുപ്പോടും നിന്ദയോടുമാണ് പൗലൊസ് വീക്ഷിച്ചിരുന്നത്.

രണ്ടാമത്തെ പദപ്രയോഗം താൻ ഉപദ്രവിയായിരുന്നു എന്നതാണ്. അത് പൗലൊസ് ക്രിസ്ത്യാനികളെ ഏത് നിലയിൽ പീഡിപ്പിച്ചു എന്ന് വ്യക്തമാക്കുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുമ്പോൾ മൃഗങ്ങൾക്ക് കല്പിക്കുന്ന ദയപോലും ശൗൽ കാട്ടിയിരുന്നില്ല. പൗലൊസിന്റെ വാക്കുകളിൽ പറഞ്ഞാൽ "*ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചുകെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചും വന്നു*" (അപ്പൊ. 22:4).

# ജ്ഞാനമുള്ളവർ

മെറീനാ ജോൺസൺ

**"ജ്ഞാ**നമുള്ളവർ ഇവയെ ശ്രദ്ധിക്കും അവർ യഹോവയുടെ കൃപകളെ ചിന്തിക്കും" (സങ്കീ. 107:43). ആരാണ് ജ്ഞാനമുള്ളവർ? അവർ എന്താണ് ശ്രദ്ധിക്കേണ്ടത്? ജ്ഞാനം പ്രാപിപ്പാൻ ആഗ്രഹിച്ചിട്ട് മാനവജാതിയെ മുഴുവൻ പാപത്തിന്റെ അന്ധകാരത്തിലേക്ക് നയിച്ച സ്ത്രീയുടെ ജ്ഞാനമല്ല ഇത്. തങ്കമോ വെള്ളിയോ തൂക്കിക്കൊടുത്താൽ കിട്ടുകയില്ല. ഓഫീർ പൊന്നോ, വിലയേറിയ ഗോമേദകമോ നീല രത്നമോ സ്ഫടികമോ മുത്തുകളോ ഒന്നും അതിനോളം വരുന്നില്ല. ജ്ഞാനത്തിന്റെ വഴി അറിയുന്നത് ഒരാൾ മാത്രം-സർവ്വശക്തനായ ദൈവം മാത്രം (ഇയ്യോബ്. 28:23). ഈ ലോകത്തിൽ ഗുപ്തമായതൊക്കെ കണ്ടുപിടിച്ചിട്ട് മനുഷ്യൻ അതിനെ ജ്ഞാനം എന്നു പറഞ്ഞു. എന്നാൽ ജ്ഞാനത്തിന്റെ വില മനുഷ്യൻ അറിയുന്നില്ല. ജ്ഞാനത്തിന്റെ ഉത്ഭവസ്ഥാനം അറിയുന്ന ദൈവം പറയുന്നു, കർത്താവിനോടുള്ള ഭക്തിയാണ് ജ്ഞാനം (ഇയ്യോബ് 28:28). ഈ ജ്ഞാനം മൂലം മനുഷ്യൻ ദോഷംവിട്ടകന്ന് വിവേകം പ്രാപിക്കുന്നു. കർത്താവിൽ വിശ്വസിക്കുന്നതിനും ഈ ജ്ഞാനം ലഭിപ്പാനും നമുക്ക് ഭാഗ്യം ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഈ ജ്ഞാനം ലഭിച്ച നാം എന്താണ് ശ്രദ്ധിക്കേണ്ടത്. ഈ സങ്കീർത്തനത്തിലുടനീളം യിസ്രയേൽ ജനത്തിന്റെ ദൈവത്തിൽ നിന്നുള്ള

---

ഇതിലൂടെ പൗലൊസ് അനേക വിശ്വാസികളുടെ മരണത്തിന് കാരണമായിരുന്നുവെന്ന് വ്യക്തമാകുന്നു.

മൂന്നാമതായി നിഷ്ഠൂരൻ എന്ന പദപ്രയോഗം തന്റെ ഹൃദയത്തിന്റെ മനോഭാവത്തെയാണ് വ്യക്തമാക്കുന്നത്. യെഹൂദമതത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഏത് ഹീനമായ കൃത്യവും ചെയ്യുവാൻ മടിക്കാത്ത ഒരു യെഹൂദമത തീവ്രവാദിയായിരുന്നു ശൗൽ. ഈ നിലയിലുള്ള ഒരു വ്യക്തിയെ ആർക്ക് രക്ഷിക്കുവാൻ കഴിയും; അതാണ് പൗലൊസ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തുന്നത്. ഇന്നും അനേകർ ക്രിസ്തീയ വിശ്വാസത്തെയും ക്രിസ്ത്യാനികളെയും തടയുവാനും നശിപ്പിക്കുവാനും ശ്രമിക്കുന്നു. എന്നാൽ പൗലൊസ് പറയുന്നതുപോലെ അവിശ്വാസത്താൽ അറിയാതെ ചെയ്യുന്ന കാര്യങ്ങളാണ് അവ. യഥാർത്ഥത്തിൽ അവർ എന്താണ് പ്രവർത്തിക്കുന്നത് എന്ന് അറിയുന്നുവെങ്കിൽ ഒരിക്കലും അങ്ങനെയുള്ള അർത്ഥശൂന്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ല. ഇത്രയും അധമനായി ജീവിച്ച ശൗൽ ആണ് പിൽക്കാലത്ത് സ്നേഹത്തിന്റെ കാവ്യം എന്ന് അപരനാമത്തിൽ അറിയപ്പെടുന്ന 1 കൊരി. 13-ാം അദ്ധ്യായം എഴുതിയത് എന്ന് വിശ്വസിക്കുവാൻ കഴിയുമോ? ക്രിസ്തു മാറ്റം വരുത്തുന്നവനാണ്.

**C. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒരു മാതൃക (1:16,17)**

*"എന്നിട്ടും യേശുക്രിസ്തു നിത്യജീവനായി കൊണ്ട് തന്നിൽ വിശ്വസിപ്പാനുള്ളവർക്ക് ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന് എനിക്ക് കരുണ ലഭിച്ചു. നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏകദൈവത്തിന് എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ."*

ക്രിസ്തു തന്നെ രക്ഷിച്ചതിനും തന്റെ മഹത്വമാകുന്ന ശുശ്രൂഷയിൽ ആക്കിയതിനും കാരണം പൗലൊസ് വ്യക്തമായി ഗ്രഹിക്കുന്നത് തന്റെ ജീവിതത്തിന്റെ അവസാന പാദത്തിലാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക്, കാലദേശ ഭേദമെന്യ എല്ലാവർക്കും, ഒരു ഉത്തമമായ ദൃഷ്ടാന്തമായിരുന്നു പൗലൊസിന്റെ ജീവിതം. ഒരു പ്രത്യാശയുമില്ലാത്ത ജീവിതത്തെ താരതമ്യപ്പെടുത്തുവാൻ കഴിയാത്ത ഉന്നതമായ സ്ഥാനത്തേക്ക് കൈപിടിച്ചുയർത്തുവാൻ കഴിവുള്ളവനാണ് ക്രിസ്തു എന്ന് പൗലൊസിന്റെ ജീവിതത്തിലൂടെ തെളിയിച്ചു. ഈ ഭാഗത്ത് പൗലൊസ് ഊന്നി പറയുന്നത് എനിക്ക് കരുണ ലഭിച്ചു എന്നാണ്. ദൈവത്തിന്റെ കരുണയാണ് പൗലൊസിന്റെ ഇപ്പോഴത്തെ അവസ്ഥക്ക് കാരണം. ഇത് തന്നെയാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്; ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റം കണ്ട് അനേകർ ക്രിസ്തുവിനെ കാണുവാൻ ഇടയായിത്തീരണം. ഉപദേശത്തോടൊപ്പം ജീവിതവും കാലഘട്ടത്തിന്റെ ഒരു ആവശ്യമാണ്. ക്രിസ്തുവിന്റെ ജഡധാരണത്തിന്റെ ഉദ്ദേശ്യവും പൗലൊസ് ഇവിടെ വ്യക്തമാക്കുന്നു. പാപികളിൽ ഏറ്റവും അധമനായ പാപിയാണ് താൻ എന്ന് പൗലൊസ് തന്നത്താൻ ചിത്രീകരിക്കുന്നു. തന്റെ ജീവിതത്തിൽ അനുഭവിച്ച ദൈവത്തിന്റെ കരുണയെ ഓർത്തപ്പോൾ പൗലൊസ് എന്ന ദൈവശാസ്ത്രപണ്ഡിതന്റെ ഹൃദയം സങ്കീർത്തനക്കാരന്റെ കിന്നരമായി മാറുന്ന കാഴ്ചയാണ് നാം 17-ാം വാക്യത്തിൽ കാണുന്നത് [The heart of the great theologian Apostle Paul turned to be the harp of the Psalmist]. **(തുടരും)**

പിന്മാറ്റവും ദൈവം അവരെ ശിക്ഷിക്കുന്നതും അവരുടെ തിരിച്ചു വരവും നമുക്ക് ഗ്രഹിക്കാവുന്ന താണ്. യാതൊരു സ്ഥിരതയുമില്ലാതെ വീണ്ടും പിന്മാറുന്നു. തിരികെ വരുന്നു. അവൻ ദൈവ ത്തിന്റെ കല്പനകളെ വിട്ട് പിന്മാറുമ്പോൾ ദൈവം അവനെ ശിക്ഷിക്കുന്നു. അവൻ അവരെ കഷ്ടത കൊണ്ട് താഴ്ത്തുന്നു. സഹോദരിമാരെ, നാം ഇവയെ ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കേണ്ട കാര്യങ്ങൾ ചിലതുണ്ട്. അവർ ദൈവത്തിന്റെ വചനങ്ങളോട് മത്സരിച്ചു; അത്യുന്നതന്റെ ആലോചനകളെ നിരസിച്ചു (സങ്കീ. 107:10). ഇന്ന് നമ്മുടെ ജീവിതത്തിലും ദൈവദാസന്മാർ മുഖേന കേൾക്കുന്ന ആലോചന നാം നിരസിക്കുകയും വേണ്ടിവന്നാൽ വാക്കുകൊണ്ട് കല്ലെറിയുകയും ചെയ്യുന്നു. ലഭിക്കുന്ന ആലോചന ശിരസ്സാ വഹിക്കുകയും ദൈവസന്നിധിയിൽ താഴുകയും ചെയ്യാൻ കഴിയാതെ പോകുന്നു. നമ്മുടെ തലമുറകൾ നശിച്ചു പോകുന്നു എന്ന മുറവിളി പലയിടത്തും കേൾക്കുന്നു. ഇതിന് എന്താണ് കാരണം?

ഹവ്വാ ആഗ്രഹിച്ച ഈ ലോകത്തിന്റെ ജ്ഞാനം തന്നെയാണ് ഇന്ന് നമുക്ക് പ്രധാനം. ദൈവവചനം വായിപ്പാൻ പോലും സമയമില്ലാത്ത നമുക്ക് ദൈവവചനം വായിക്കാനോ ആത്മീകകാര്യങ്ങ ളോടോ താല്പര്യമില്ലാത്ത തലമുറയുണ്ടാകുന്ന തിൽ ആരാണ് കുറ്റക്കാർ. കിട്ടുന്ന സമയം മുഴുവൻ ഈ ലോകത്തിനായി മക്കളെയും നാമോടിക്കുന്നു. ഒന്നിലും ഒരു കുറവും വരാൻ പാടില്ല. നമ്മുടെ മതിലുകൾ ഇടിഞ്ഞു പോകാൻ കാരണം നമ്മുടെ പിന്മാറ്റം തന്നെയാണ്. “ഇന്നു ഞാൻ നിന്നോട് കല്പിക്കുന്ന വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കണം. നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കു മ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം'' (ആവ. 6:7). മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങൾ നാം തന്നെ മറന്നിരിക്കുന്നു. സണ്ടേസ്കൂളിൽ വിടുന്നതിനാൽ മാത്രം നമ്മുടെ ഉത്തരവാദി ത്തങ്ങൾ ഒതുങ്ങുന്നില്ല. കുഞ്ഞുങ്ങൾക്ക് ഓരോ ന്നു കൊടുക്കുമ്പോഴും ദാതാവായ ദൈവത്തെ ക്കുറിച്ചുള്ള ചിന്ത നാം അവർക്ക് പകർന്നു കൊടുക്കേണം. ചെറുപ്പം മുതൽ മക്കളെക്കുറിച്ച് നാം ആഗ്രഹിക്കുന്നത്, നല്ല വിദ്യാഭ്യാസം, നല്ല ജോലി പിന്നെ നല്ല ആത്മീകൻ. എന്നാൽ ആദ്യം പറഞ്ഞ കാര്യങ്ങൾക്കായി അവർക്ക് യാതൊരു സമാധാനവും നൽകാറുമില്ല. ആത്മീകകാര്യ ങ്ങളിൽ ശുഷ്കാന്തിയുണ്ടാകാൻ നാം എന്തു പ്രയത്നം ചെയ്യുന്നു എന്നു ചിന്തിക്കാം. ആരുടെയും നേരെ വിരൽ ചൂണ്ടിയിട്ട് കാര്യമില്ല. യിസ്രയേലിന് ഭവിച്ചത് ഇന്ന് നമുക്കും ഭവിച്ചിരി ക്കുന്നു. ദൈവത്തിന്റെ കൽപ്പനകളും ചട്ടങ്ങളും പൂർണ്ണഹൃദയത്തോടെ കൈക്കൊള്ളുകയും പ്രമാണിക്കയും ചെയ്യുന്നില്ല എങ്കിൽ ആരും ദൈവകരങ്ങളിൽ നിന്ന് ഒഴിഞ്ഞു പോകുന്നില്ല. ദൈവം നമ്മെ ഭൗതികമായി അനുഗ്രഹിച്ചപ്പോൾ നാം അതിൽ രസിച്ച് അതിനോടായി മോഹം.

അനുതപിക്കുന്ന ജനത്തെ ദൈവം കൈവിടില്ല. സഹോദരിമാരേ! കുടുംബംകുടുംബമായി നമുക്ക് ദൈവസന്നിധിയിലേക്ക് അടുത്തു ചെല്ലാം. ശഠരും മത്സരികളുമായ മക്കൾക്ക് ന്യായപ്രമാണപ്രകാര മുള്ള ശിക്ഷ ഇന്നില്ല. ഈ കൃപായുഗത്തിൽ കരുണകാണിക്കുന്ന കർത്താവിതാ നമുക്കു മുന്നിൽ. എത്ര ഉപദേശം കൊടുത്താലും തന്നിഷ്ടം കാട്ടുന്ന മക്കളിന്നുമുണ്ട്. ഇതെല്ലാം മുന്നമേ അറിഞ്ഞ കർത്താവ് പറഞ്ഞു-''യെരുശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരവിൻ”. ആരും നില്ക്കുന്നു എന്നു ചിന്തിക്കേണ്ട ഏതു കുടുംബത്തെയും വീഴിക്കുവാൻ സാത്താൻ ചതിയും വഞ്ചനയും പ്രയോഗിക്കുവാൻ അടു ത്തുണ്ട് എന്നോർക്കുക. നമ്മെയും കുടുംബ ത്തെയും നമ്മുടെ കൂട്ടുസഹോദരിമാരുടെ കുടുംബങ്ങളെയും ഓർത്തു കരയാം. “അവളുടെ കുഞ്ഞുങ്ങൾ വൈരിയുടെ മുമ്പായി പ്രവാസ ത്തിലേക്ക് പോകേണ്ടി വന്നു'' (വിലാ. 1:5). “സീയോൻ പുത്രിയുടെ മതിലേ രാവും പകലും ഓലോലകണ്ണുനീരൊഴുക്കുക. നിനക്കുതന്നെ സ്വസ്ഥത നൽകരുത്. നിന്റെ കൺമണി വിശ്രമി ക്കുകയുമരുത്. രാത്രിയിൽ യാമാരംഭത്തിൽ എഴുന്നേറ്റ് നിലവിളിക്കുക. നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്തൃസന്നിധിയിൽ പകരുക” (വിലാ.2:18,19). ആത്മീകമായി തളർന്നു വീഴുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ ജീവരക്ഷക്കായി നമുക്ക് ദൈവസന്നിധിയിൽ മുട്ടുമടക്കാം. നാം ഭൗതിക മായി ഉയരത്തിലാകുന്നു. പഴയപ്രതാപമല്ലാതെ ആത്മീയമായി നാം ക്ഷയിച്ചു പോകുന്നു. സന്തോ ഷവും സമാധാനവും വിട്ടു പോകുന്നു. പ്രിയ സഹോദരിമാരേ, നമ്മുടെ ഹൃദയത്തെ ദൈവസന്നി ധിയിൽ താഴ്ത്താം. ഉയരത്തിൽ നിന്ന് ലഭിച്ച ജ്ഞാനത്തെ ശ്രദ്ധിക്കാം. യഹോവയുടെ കൃപ കളെ ചിന്തിക്കാം. അവിടുത്തെ സന്നിധിയിൽ സ്തോത്രയാഗങ്ങൾ അർപ്പിക്കാം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ●

# മാളികമുറി പ്രഭാഷണം - 4

ഡോ. ഒ.എം. സാമുവേൽ

### പാദപ്രക്ഷാളന ശുശ്രൂഷ നടത്തുന്ന വ്യക്തി

പാദപ്രക്ഷാളനശുശ്രൂഷ നടത്തുന്ന വ്യക്തി യേശുക്രിസ്തുവാണെന്ന് നമുക്കറിയാം. യേശുക്രിസ്തുവിന്റെ ദൈവത്വത്തോടുള്ള ബന്ധത്തിൽ ചില വസ്തുതകൾ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. *പിതാവ് സകലവും തന്റെ കൈയിൽ തന്നിരിക്കുന്നു* എന്നാണല്ലോ നാം വായിക്കുന്നത് (യോഹ. 13:3). ഇത് യേശുക്രിസ്തുവിന്റെ സർവ്വശക്തിയെ വ്യക്തമാക്കുന്ന ഒരു പ്രസ്താവനയാണ്. യേശുക്രിസ്തു പിതാവായ ദൈവത്തെപോലെ തന്നെ സർവ്വശക്തനാണ്. യേശുക്രിസ്തു തന്നെ അവകാശവാദം നടത്തുന്നത് ശ്രദ്ധിക്കുക: *സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു*. സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനാണ് നമ്മുടെ കർത്താവ്. പിതാവ് സകലവും പുത്രനെ ഭരമേൽപ്പിച്ചിരിക്കുന്നു. അങ്ങനെ സർവ്വശക്തനായ ദൈവപുത്രനാണ് യേശുക്രിസ്തു. അടുത്ത പ്രസ്താവന *യേശു അറിഞ്ഞിരിക്കെ* എന്നുള്ളതാണ് (യോഹ. 13:3). യേശു എല്ലാം അറിയുന്നവനാണ്. ഒരു കാര്യവും യേശുക്രിസ്തുവിന് അജ്ഞാതമല്ല. ആദ്യവും അവസാനവും ഒരു പോലെ അറിയാവുന്നവൻ. നാഴിക വന്നു എന്നുള്ളതും വന്നില്ല എന്നുള്ളതും വ്യക്തമായി അറിയാവുന്ന കർത്താവ്. ആരാണ് തന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നത് എന്നുള്ളതും യേശു അറിഞ്ഞു. ശിഷ്യന്മാരുടെ ഹൃദയത്തിലെ ചിന്തകൾ പോലും യേശു അറിയുന്നു. യേശുക്രിസ്തു സർവ്വശക്തൻ മാത്രമല്ല സർവ്വജ്ഞാനി കൂടിയാണ്. യേശുക്രിസ്തുവിന്റെ മഹത്വത്തോടുള്ള ബന്ധത്തിൽ നമുക്കു കാണാവുന്ന മറ്റൊരു വസ്തുത അവൻ പിതാവിന്റെ അടുത്തു നിന്ന് വന്നവൻ എന്നാണ്. അതായത് നിത്യനായ പിതാവിന്റെ അടുത്തു വസിച്ചിരുന്നവനായിരുന്നു കർത്താവ്. *ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു* എന്നാണല്ലോ നാം ഈ സുവിശേഷത്തിന്റെ ആരംഭത്തിൽ വായിക്കുന്നത്. മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ നിത്യനായ പിതാവിനോടു കൂടെയിരുന്ന നിത്യനായ പുത്രൻ. ഒടുവിലായി യേശുക്രിസ്തു ദൈവത്തിന്റെ അടുക്കൽ പോകുന്നു (യോഹ. 13:3) എന്നും വായിക്കുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തിന്റെ മറ്റൊരു സവിശേഷ ഘടകമാണിത്. തനിക്കു ചെയ്യുവാനുള്ള ശുശ്രൂഷ തികച്ചു കഴിഞ്ഞതിനു ശേഷം ഏതൊരു പിതാവിന്റെ സന്നിധിയിൽ നിന്നാണോ ആകാശം ചായിച്ച് കർത്താവ് ഇറങ്ങിവന്നത് അതേ സ്ഥാനത്തേക്ക്, അതേ മഹത്വത്തിലേക്ക്, യേശുക്രിസ്തു മടങ്ങിപോകുന്നവനാണ്. സർവ്വശക്തൻ, സർവ്വജ്ഞാനി, നിത്യൻ, പിതാവിന്റെ അടുത്തേക്ക് മടങ്ങി പോകുന്നവൻ - ഇങ്ങനെയുള്ള ഒരു വ്യക്തിയാണ് ശിഷ്യന്മാരുടെ കാലുകൾ കഴുകാൻ ആരംഭിക്കുന്നത്. എല്ലാ വർഷവും ഈസ്റ്റർ സമയത്ത് റോമിൽ മാർപാപ്പ ചിലരുടെ കാലുകളെ കഴുകുന്ന ശുശ്രൂഷ ടിവിയിൽ കൂടിയും മറ്റും കാണാറുണ്ടല്ലോ. എത്രയോ ശ്രേഷ്ഠമായ ഒരു പദവിയായിട്ടാണ് ലോകം അതിനെ പരിഗണിക്കുന്നത്. എന്നാൽ ഇവിടെ സകലത്തിന്റെയും സൃഷ്ടാവും സർവ്വജ്ഞാനിയും മഹത്വത്തിലേക്ക് മടങ്ങിപോകുന്നവനുമായ യേശുക്രിസ്തുവാണ് കാൽ കഴുകൽ ശുശ്രൂഷ നടത്തുന്നത് എന്നുള്ള വസ്തുത വിസ്മരിക്കരുത്.

ഈ സന്ദർഭത്തിൽ ആരാണ് കാൽ കഴുകേണ്ടത്? യെഹൂദന്മാരുടെ ആചാരപ്രകാരം ജാതികളിൽപ്പെട്ട ഒരു അടിമയുടെ ജോലിയാണ് ഭവനത്തിൽ ആഗതരാകുന്നവരെ കാൽകഴുകി സ്വീകരിക്കുക എന്നുള്ളത്. യെഹൂദനായ ഒരു ദാസനാണെങ്കിൽ അവനെക്കൊണ്ടുപോലും ഇങ്ങനെയുള്ള ശുശ്രൂഷ ചെയ്യിക്കുകയില്ല. മാളികമുറിയിൽ കൂടിയിരിക്കുന്നവരിൽ ആർക്കും ഈ വില കുറഞ്ഞ ശുശ്രൂഷ ചെയ്യുന്നതിന് മനസ്സ് വന്നില്ല. അവരിൽ ആരാണ് വലിയവൻ എന്ന ചിന്താഗതിയാണ് അവരെ ഭരിച്ചിരുന്നത്. ഇതും യേശു ഗ്രഹിച്ചിരുന്നു. അതുകൊണ്ട് യേശുക്രിസ്തു തന്നെ അത്താഴത്തിൽ നിന്ന് എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് തുവർത്തെടുത്ത് അരയിൽ ചുറ്റി, ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി. യേശുക്രിസ്തു തന്നെ, ഞാൻ ശുശ്രൂഷ ഏൽക്കുവാനല്ല ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വന്നവനാണെന്ന് (മത്തായി 20:28) പറയുന്നത് എത്രയോ അന്വർത്ഥമായ വസ്തുതയാണ്. ഫിലി . രണ്ടാം അദ്ധ്യായത്തിൽ ദൈവരൂപത്തിലിരിക്കെ ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്ന യേശുക്രിസ്തുവിന്റെ താഴ്ചയുടെ പടികൾ ഓരോന്നായി ശ്രദ്ധിക്കൂ. കാൽ കഴുകൽ ശുശ്രൂഷയിലും ഈ സത്യത്തിന്റെ മറ്റൊരു ബഹിർപ്രകടനം കാണാൻ കഴിയും. സ്വർഗ്ഗത്തേക്കാൾ ഉന്നതനായ യേശുക്രിസ്തുവിന്റെ വിനയാന്വിതമായ ഈ ശുശ്രൂഷ അതിന്റെ അർത്ഥവ്യാപ്തിയിൽ നമുക്ക് കാണാൻ സാധിച്ചിരുന്നുവെങ്കിൽ! അരയിൽ തുവർത്തു ചുറ്റി ശുശ്രൂഷയ്ക്കു തയ്യാറായി മാളികമുറിയിൽ നിൽക്കുന്ന യേശുക്രിസ്തുവിന്റെ രൂപവും വെളി. ഒന്നാം അദ്ധ്യായത്തിൽ മാറത്തു പൊൻകച്ച കെട്ടിയവനായി നിൽക്കുന്ന യേശുക്രിസ്തുവിന്റെ രൂപവും തമ്മിൽ എന്തൊരു വ്യത്യാസം. വെളിപ്പാടു പുസ്തകത്തിൽ മഹത്വരൂപിയായ യേശുക്രിസ്തുവിനെ രാജാധിരാജാവും കർത്താധികർത്താവുമായി കാണുന്നുവെങ്കിൽ സുവിശേഷങ്ങളിൽ മാനവരാശിയെ

ശുശ്രൂഷിക്കുന്നതിനുവേണ്ടി മനുഷ്യവേഷം പൂണ്ട ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി നിൽക്കുന്ന ദാസനെയാണ് കാണുന്നത്. *ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ* എന്നാണ് പ്രവാചകൻ യേശുക്രിസ്തുവിനെക്കുറിച്ച് പറയുന്നത്. നീ (അങ്ങ്) എന്റെ, കേവലം മുക്കുവനായ ഈയുള്ളവന്റെ, കാൽ കഴുകുന്നുവോ? (യോഹ. 13:6). അത് ഏതായാലും വേണ്ട; പാദപ്രക്ഷാളനശുശ്രൂഷയുടെ ആന്തരികവും ആത്മീകവുമായ അർത്ഥവ്യാപ്തി ഒട്ടും ഗ്രഹിക്കാതെ പത്രൊസ് പറയുന്ന വാക്കുകളാണിത്. പത്രൊസേ, ഞാൻ ചെയ്യുന്ന ശുശ്രൂഷയുടെ അർത്ഥവ്യാപ്തി നീ ഗ്രഹിക്കുന്നില്ല. നീ പിന്നെ അറിയും. പിന്നെയെന്നു പറയുന്നത് ഏത് സമയത്തെ ഉദ്ദേശിച്ചായിരിക്കണം. പരിശുദ്ധാത്മാവ് വരുമ്പോൾ അവൻ എല്ലാ സത്യങ്ങളിലും നമ്മെ വഴി നടത്തുന്നവനാണ്. പെന്തക്കൊസ്തുനാളിനു മുൻപ് അജ്ഞാതമായിരുന്ന പല സത്യങ്ങളും പരിശുദ്ധാത്മാവിന്റെ വരവോടു കൂടി വ്യക്തമായി. മാത്രവുമല്ല, ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടു കൂടെ പങ്കില്ലയെന്നുള്ള കർത്താവിന്റെ വാക്കുകൾ അവനെ ചിന്തിപ്പിച്ചു. ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നിൽ (in me) ബന്ധമില്ല എന്നല്ല യേശുക്രിസ്തു പറഞ്ഞത്. എന്നോടു ബന്ധമില്ല (with me) എന്നാണ് പറഞ്ഞത്. ഇതു തമ്മിലുള്ള അന്തരം നാം ഗ്രഹിച്ചിരിക്കണം. യേശുക്രിസ്തുവിലാകാൻ നമുക്ക് ഒരു കഴുകൽ (കുളി) ആവശ്യമാണ്. യേശുക്രിസ്തുവിനെ രക്ഷിതാവായി നാം അംഗീകരിക്കുന്ന ഉത്തരക്ഷണത്തിൽ നാം ശുദ്ധിയുള്ളവരായി യേശുക്രിസ്തുവിൽ ബന്ധമുള്ളവരായി തീരുന്നു. ഒരിക്കൽ ക്രിസ്തുവിലായാൽ ആ ബന്ധത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ ആർക്കും കഴിയുകയില്ല. പരിശുദ്ധാത്മസ്നാനത്താൽ നാം ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായി തീരുകയാണ്. എന്നാൽ യേശുക്രിസ്തു ഇവിടെ പറയുന്ന ബന്ധം അതല്ല. പത്രൊസ് യേശുക്രിസ്തുവിന്റെ വിളികേട്ട് തന്റെ വള്ളവും വലയും വിട്ട് യേശുവിനെ അനുഗമിക്കാൻ തുടങ്ങിയ നിമിഷത്തിൽ യേശുക്രിസ്തുവിൽ ആയിക്കഴിഞ്ഞു. യേശുക്രിസ്തുവിനെ തള്ളിപ്പറയുമ്പോഴും ഈ ബന്ധത്തിന് ഭംഗം വരുന്നില്ല. എന്നാൽ സാത്താന്റെ അധീനതയിലുള്ള ഈ ലോകത്തിൽ നാം സഞ്ചരിക്കുമ്പോൾ നമ്മുടെ പാദങ്ങൾ മലിനമാകുവാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ദിനംതോറും ആവശ്യമുള്ള, ജീവിതത്തിൽ അനിവാര്യമായ, ഒരു കഴുകൽ ഉണ്ട്. ആ കഴുകൽ കൊണ്ട് ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മാബന്ധം മധുരതരമാകുന്നു. ഇത് ഏതൊരു ദൈവപൈതലിനും ആവശ്യമാണ്. പത്രൊസിന് പാദപ്രക്ഷാളന ശുശ്രൂഷയുടെ ആന്തരികാശയം അല്പം മനസ്സിലായി. ഉടനെയുള്ള പ്രതികരണമോ? കർത്താവേ, ഞാൻ എല്ലാം വിട്ടു നിന്നെ അനുഗമിച്ചത് നിന്നോടു കൂടെ പങ്കും ഓഹരിയും ലഭിക്കുന്നതിനുവേണ്ടിയാണ്. നിന്നോടു കൂടെ പങ്കില്ലാത്ത കൂട്ടായ്മയില്ലാത്ത ആ ജീവിത ശൈലി ഓർക്കാൻ പോലും കഴിയുകയില്ല. അതുകൊണ്ട് എന്റെ കാൽ മാത്രമല്ല കൈയും തലയും കൂടെ കഴുകേണമേ എന്ന് ആവശ്യപ്പെട്ടു. യേശുക്രിസ്തു അതിനും ഉത്തരം നൽകി. അതിന്റെ ആവശ്യമില്ല പത്രൊസേ, നീ കുളി കഴിഞ്ഞവനാണ്. ശുദ്ധിയുള്ളവനാണ്. നിനക്കും എനിക്കും തമ്മിലുള്ള പിരിയാബന്ധം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇനി നിനക്കു കാൽ കഴുകൽ മാത്രം മതി. ശിഷ്യന്മാർ എല്ലാവരും ശുദ്ധിയുള്ളവരാണ്. ഒരുവൻ മാത്രം ഈ ബന്ധത്തിലേക്ക് വന്നിട്ടില്ല. യൂദയോടുള്ള ബന്ധത്തിലാണ് കർത്താവ് ഈ വാക്കുകൾ പറഞ്ഞത്. **(തുടരും)**

## കൺവൻഷൻ/ ക്യാമ്പ്

**സുവിശേഷ യോഗങ്ങൾ** : 2008 ഫെബ്രു.29-മാർച്ച് 2 വരെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തുന്നതാണ്. 2008 ഫെബ്രു. 27-28 കാട്ടാക്കട വർഗീസ് മത്തായിയുടെ ഭവനാങ്കണത്തിൽ വൈകിട്ട് 6-9.30വരെ, 2008 ഫെബ്രു.29- മാർച്ച് 2 വരെ പൊന്നറകോണം ബ്രദറൺ സഭാ ഹാളിൽ വച്ച് വൈകിട്ട് 6-9.30 വരെ. പ്രസംഗകർ : തോമസ് കുട്ടി കുരുവിള, ചാർളി മാത്യു, കെ. ജെ. ജോർജ്ജ്. പ്രസ്തുത യോഗങ്ങളിലേയ്ക്ക് ഏവരെയും കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു. എന്ന്: വർഗീസ് മത്തായി, ഡി. ബിവിൽസൻ, ജെസ്സൻ വർഗ്ഗീസ്.

**Y.M.E.F. 2008-ലെ പ്രവർത്തനങ്ങൾ- കർണ്ണാടക**

**ഏകദിന സമ്മേളനങ്ങൾ** : ഫെബ്രു.15 ഷിമോഗ, ജൂൺ 20 കോളാർ, ആഗസ്റ്റ് 15 മൈസൂർ, ഒക്ടോ. 27 നെല്യാടി. **പ്രാർത്ഥനാ സമ്മേളനങ്ങൾ** : ജനു. - കുമ്ട്ട, മാർച്ച് 21 - ചിക്കമാംഗ്ലൂർ, മെയ് 7 - മൂടബദ്ര, സെപ്തം. 3- ഷിമോഗ, നവം. 14- ഹൊളോൽക്കര.

**സുവിശേഷ ക്യാമ്പ്** : ഡിസം.22-23 ചിക്കമാംഗ്ലൂർ

**ജനറൽ ക്യാമ്പ്** : ഏപ്രിൽ 15-18 (ബാംഗ്ലൂർ) പ്രധാന ലീഡേഴ്സ് ജോസ് മാത്യൂസ്, തോംസൺ ബി. തോമസ്, പി. ജെ. ജയിംസ് (ബഹറിൻ) കമ്മറ്റിയംഗങ്ങളുടെ ക്യാമ്പ് : ജൂൺ 30-ജൂലൈ 2 ഹാസ്സൻ. കൂടുതൽ വിവരങ്ങൾക്ക് : റെജി കെ. തോമസ്, ഗ്രെയ്സ് വില്ല, നെല്ല്യാടി പി.ഒ., ഡി.കെ. Dist- 574229.

### നടത്തറ കൺവൻഷൻ

സ്ഥലം : നടത്തറ സെന്റർ, തൃശൂർ, സമയം : 2008 ഫെബ്രു.8,9,10 (വെള്ളി, ശനി, ഞായർ) വൈകീട്ട് 6.00- 8.30 വരെ. പ്രഭാഷകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, പി. ജി. ജെയിംസ്, പി. എം. മാത്തുക്കുട്ടി, സംഗീതശുശ്രൂഷ : കുട്ടിയച്ചൻ നയിക്കുന്ന ഏയ്ഞ്ചൽ മ്യൂസിക് ഒരുക്കുന്ന സംഗീതവിരുന്ന്, എന്ന് സഭയ്ക്കു വേണ്ടി ഒ. എസ്. അനിൽ കുമാർ, കെ. എസ്. സണ്ണി. ജെയ്സൺ കെ. ആർ.

# വിശ്വാസിയും ആരാധനയും

വി.എം. ജോൺ, ചേത്തയ്ക്കൽ

സഭാവ്യത്യാസമില്ലാതെ എല്ലാവരും ദൈവത്തെ ആരാധിക്കുന്നവരാണ്. മിഥ്യയായ ആരാധനയും സത്യമായ ആരാധനയും മനുഷ്യർ ചെയ്തുവരുന്നു. ഏതിനെ വിശ്വസിക്കുന്നുവോ അതിനെ ആരാധിക്കുന്ന പ്രവണതയാണ് മനുഷ്യരിൽ കണ്ടുവരുന്നത്. മിഥ്യയായ ആരാധനകൊണ്ട് ദൈവത്തെ ഒരുനാളും പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല. എന്നാൽ സ്രഷ്ടാവായ ദൈവത്തെ സൃഷ്ടി എങ്ങനെ ആരാധിക്കണമെന്ന് വ്യക്തമായ സൂചനകൾ വിശുദ്ധ വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. 1 പത്രൊസ് 2:9 ൽ ഓരോ വിശ്വാസിയും ഒരു പുരോഹിതനാണ്. സഭയിൽ രാജകീയ പുരോഹിതന്മാരായി തുടരുന്നതിന് വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് വിശ്വാസികൾ. (രക്ഷിക്കപ്പെട്ട് കല്പന പ്രമാണിച്ചവർ). വെളി. 1:5 ൽ പറയുന്നത് "നമ്മെ തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കിത്തീർത്തവനുമായവന്" എന്നാണ്. കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നതിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും ദൈവവചനത്തിൽ കാണുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ കല്പനപ്രകാരം ആരാധന നിർവ്വഹിക്കുവാൻ കടപ്പെട്ടവരാണ്.

യോഹ.4:7 – 26 വരെയുള്ള ഭാഗത്ത് ആരാധനയുടെ വ്യക്തമായ സൂചനകൾ ലഭിക്കുന്നു. ഈ വേദഭാഗത്തെ രണ്ടായി വിഭജിക്കാം. ഒന്ന്: ആരാധനയിൽ വിശ്വാസി ചെയ്യേണ്ടത്. രണ്ട്: ആരാധനയിൽ ദൈവം ചെയ്യേണ്ടത്. ആരാധനയിൽ വിശ്വാസി ദൈവത്തിനുള്ളതാണ് കൊടുക്കേണ്ടത്. കർത്താവിന്റെ പിൻഗാമികൾ അവനെ പരിശുദ്ധസ്ഥലത്ത് ആരാധിക്കണം. അതിന് മനുഷ്യന്റെ മനസ്സ് വിശുദ്ധവും പരമാർത്ഥതയും ദൈവത്തോട് വിശ്വസ്തവും ഉള്ളതായിരിക്കണം. അല്ലാത്തഹൃദയത്തോടെ ആരാധിച്ചാൽ ദൈവം സ്വീകരിക്കുകയില്ല. ഒരുവൻ സത്യആരാധകൻ ആകുന്നതിന് അവൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ഏൽപിച്ചു കൊടുക്കേണ്ടതാണ്. രക്തത്താൽ കഴുകപ്പെട്ടവരുടെ പൗരോഹിത്യത്തെക്കുറിച്ച് എബ്രായലേഖനകർത്താവ് വർണ്ണിച്ചിരിക്കുന്നത് : "അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹമെന്ന തിരശീലയിൽക്കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവൻ ഉള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ദൈവാലയത്തിൻമേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയത്തിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥഹൃദയത്തോടെ അടുത്തുചെല്ലുക (എബ്രാ. 10:19–23). ദൈവം നമുക്ക് നൽകിയിരിക്കുന്നവ സത്യത്തിലും ആത്മാവിലും കർത്താവിനെ ആരാധിക്കുന്നതിന് ആവശ്യമായിട്ടുള്ളവയാണ്.

ആരാധകർ ജീവിക്കുന്ന ആത്മാവിനായി സമർപ്പിക്കപ്പെടുമ്പോൾ ആരാധനയിൽ ശൂന്യ അന്തരീക്ഷം ഉണ്ടാകുകയില്ല. അവിടെ സ്തുതിയുടെയും സ്തോത്രത്തിന്റെയും കവിഞ്ഞൊഴുക്ക് അനുഭവപ്പെടും. ഈ സത്യാവസ്ഥയെ പൗലൊസ് വിവരിച്ചിരിക്കുന്നതിപ്രകാരമാണ്. "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും ദൈവവും പിതാവുമയവന് എല്ലായ്പ്പോഴും സ്തോത്രം ചെയ്തുകൊൾവിൻ" (എഫെ. 5:17 –21).

ഇക്കാലയളവിൽ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ മുമ്പാകെയാണ് പാട്ടുകൾ പാടാറുള്ളത്. എന്നാൽ വേദപുസ്തകപ്രകാരം ജനങ്ങൾ കർത്താവിനുവേണ്ടി പാടുന്നതായി കാണുന്നു.

ആരാധനയിൽ ദൈവത്തിന്റെ പ്രവൃത്തിയിൽ അവന്റെ പുത്രനും പരിശുദ്ധാത്മാവും പങ്കുവഹിക്കുന്നു. വിശ്വാസികളുടെ ആരാധനയിൽ യേശുവിന്റെ പങ്കിനെക്കുറിച്ച് എബ്രായലേഖകൻ പറയുന്നത് 'ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും. സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" (എബ്രാ. 2:12). ഇതെങ്ങനെ സാധിക്കും? സഭയുടെ മദ്ധ്യേ യേശുക്രിസ്തു പിതാവിന് എങ്ങനെ സ്തുതിഗീതം പാടും. നമ്മിൽക്കൂടെ കർത്താവ് അത് ചെയ്യുന്നു എന്ന് വിശ്വസിക്കുന്നതാണ് ഉചിതം. യേശുകർത്താവ് ഇപ്പോൾ പിതാവിന്റെ വലത്തുഭാഗത്താണെങ്കിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവന്റെ ആത്മാവിനാൽ നമ്മിൽ വസിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തനത്തിനായി നമ്മുടെ ഹൃദയത്തേയും അധരങ്ങളെയും ഏൽപ്പിച്ചു കൊടുക്കുമ്പോൾ തന്മൂലം ഒരു വിശ്വാസി പിതാവിനെ പരിശുദ്ധാത്മാവിൽ ആരാധിക്കുകയാണ്. ദൈവാത്മാവിനാൽ നമ്മുടെ ഹൃദയം നിറയുമ്പോൾ നമ്മുടെ ശബ്ദത്തിൽക്കൂടി പിതാവിനോട് അറിയിക്കപ്പെടുകയാണ് (ചെയ്യേണ്ടത്) ചെയ്യുന്നത്. 2 ദിന 29:20 – 31 വരെ വാക്യങ്ങളിൽ അങ്ങനെ സംഭവിച്ചതായി കാണുന്നു.

പിതാവിന് ഹിതകരമായ ആരാധന ക്രിസ്തുവിന്റെ ആത്മാവിനു മാതമേ ഉണ്ടാക്കുവാൻ സാധിക്കൂ. അല്ലാതെയുള്ള ആരാധനയും ഒരു പക്ഷേ സാധിച്ചു എന്നു വന്നേക്കാം. അത് ശൂന്യമായ ആചാരമായി മാത്രമേ എണ്ണപ്പെടുകയുള്ളൂ. അങ്ങനെയുള്ള ആരാധനയെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശ

# മരുഭൂമിയിലെ മതിൽക്കെട്ട്

ജോർജ് ഡി.കടമ്പനാട്

Wall എന്ന വാക്കിന് ചുമർ, ഭിത്തി. മതിൽക്കെട്ട്, സംരക്ഷണഭിത്തി എന്നൊക്കെയാണ് നിഘണ്ടുവിൽ കാണുന്ന അർത്ഥങ്ങൾ. പഴയകാലത്ത് മുളമുള്ളുകൊണ്ട് വേലികെട്ടി വസ്തുവകകൾ സംരക്ഷിച്ചുപോന്നു. അപ്പോൾത്തന്നെ ഓലമടൽ നെയ്യാതെതന്നെ വീടിനുചുറ്റും മറച്ചുകെട്ടി താല്ക്കാലിക സംരക്ഷണപോലെ ചെയ്യുമായിരുന്നു. ഇത് വർഷംതോറും ചെയ്യണമായിരുന്നു. ഇന്ന് ആ സ്ഥാനങ്ങൾ വൻമതിലും ചെറുമതിലുമായി മാറിക്കഴിഞ്ഞു. ഒറ്റദിവസംകൊണ്ട് പണിതീർക്കുന്ന സ്നേഹമതിൽ എന്നറിയപ്പെടുന്ന റെഡിമെയ്ഡ് മതിലുകളും ഇന്ന് സുലഭമാണ്. കൊട്ടാരക്കര എ.ഒ.തോമസ്സാർ ഒറ്റദിവസം കൊണ്ട് താമരക്കുളം ബ്രദ്റൺ അസംബ്ലിയുടെ സെമിത്തേരിയുടെ മതിൽ ചെയ്യിച്ചപ്പോൾ ഈ എഴുത്തുകാരനും കൂടെയുണ്ടായിരുന്നു. വീടുകൾക്ക് പരിഷ്കാരം വന്നതുപോലെ ഗേറ്റുകൾക്കും മതിലുകൾക്കും പരിഷ്കാരം വന്നുകഴിഞ്ഞു. വീടില്ലാ നമുക്കീ മരുവിൽ നാടില്ലാ നമുക്കീ ഉലകിൽ എന്നു പാടുന്ന വിശ്വാസികളുടെ വീടിന്റെയും മതിലിന്റെ കമാനത്തിന്റെയും (ഗേറ്റ്) വർണ്ണന വിവരിച്ച് വിലയിരുത്താതെ വിഷയത്തിലേക്ക് വരട്ടെ. ചൈനയിലെ വൻമതിൽ, ബെർലിൻ മതിൽ, യെരിഹോ മതിൽ ഇങ്ങനെ പല മതിലുകളുടെ പേരുകൾ നമുക്കറിയാം. കടലാക്രമണം ഭയന്ന് കടൽ ഭിത്തികെട്ടിയത് കടൽക്ഷോഭത്തിനും സുനാമിത്തിരകളിലും തകർന്ന് തരിപ്പണമാകുന്ന കാഴ്ച സർക്കാരിനെയും ജനങ്ങളെയും ഒരുപോലെ അമ്പരപ്പിച്ചു. ഇതിന് വ്യാപരിച്ചതും യെരിഹോ മതിൽ തകർത്തുകളഞ്ഞതും ദൈവിക ശക്തിയായിരുന്നു എന്നുള്ളത് നമുക്കറിയാവുന്നതുപോലെ ലോകജാതികൾക്കറിഞ്ഞു കൂടാ.

**മരുഭൂമിയിലെ മതിൽക്കെട്ട്.** സ്ഥലം പാരാൻ മരുഭൂമി. മതിലിനുപയോഗിച്ചത് ജീവനുള്ള കല്ലുകളാണ്. വെറും നാനൂറെണ്ണം മാത്രം. കല്ലുകളിൽ പലതിന്റെയും അവസ്ഥ :- ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ അവരുടെ നായകൻ ദാവീദ്. ബൈബിളിൽ മിക്ക പുസ്തകങ്ങളിലും നിറഞ്ഞുനിൽക്കുന്ന മഹൽ വ്യക്തി. എങ്ങും സ്വസ്ഥമായി കഴിയാതെ ശൗൽ ഉപദ്രവിച്ചു കൊണ്ടിരുന്നു. രാമയിലെ നയോത്ത്, ഗത്ത്, അതുല്ലാം ഗുഹ, കെയ്ല, മരുഭൂമിയിലെ ദുർഗങ്ങൾ, ഹഖീലാ മലയിലെ വനദുർഗം, സീഫ്മരുഭൂമിയിലെ മലനാട്, അരാബയിലെ മാവോൻമലയിലെ സേലാ. എൻഗതിയിലെ ഗുഹ. പാരാൻ മരുഭൂമി, ഹവീലാ കുന്ന്, ഫെലിസ്ത്യാ ദേശത്തുള്ള ഗത്ത്, സീക്ലാഗ് ഇങ്ങനെ പോകുന്നു തന്റെ ക്യാമ്പ് സൈറ്റുകൾ അല്ലെങ്കിൽ അഭയ സ്ഥാനങ്ങൾ. പാരാൻ മരുഭൂമിയിൽവെച്ച് കുറെ ആടുകളെ കണ്ടപ്പോൾ ബാല്യകാല സ്മരണ അയവിറക്കി. ദാവീദിന്റെ ഭവനത്തിലെ ആടുകളെ തീറ്റിയിരുന്നത് താനായിരുന്നല്ലോ. സിംഹത്തെയും കരടിയെയും കൊന്ന് അതിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടിയെ രക്ഷിച്ചത് ഓർത്തു കാണും. എത്ര ആടുകൾ യിശ്ശായ്ക്ക് ഉണ്ടായിരുന്നു എന്നറിഞ്ഞു കൂടാ. പാരാൻ മരുഭൂമിയിൽ 3000 ചെമ്മരിയാടും 1000 കോലാടും ഉണ്ടായിരുന്നു. ഇടയന്മാരുടെ അടുക്കൽ ചെന്ന് വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. കർമ്മേലിലെ ധനവാനായ ഒരു മുതലാളിയുടെ വകയാണെന്നും പേര് നാബാൽ എന്നാണെന്നും മനസ്സിലാക്കി. ദാവീദ് തന്റെ ആളുകളോട് ഈ ഇടയന്മാരെ സ്നേഹിച്ചും സഹായിച്ചും ആടുകളെ ദുഷ്ടമൃഗം കടിച്ചു കീറാതെ സൂക്ഷിച്ചും അവർക്ക് വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും പറഞ്ഞു. അങ്ങനെ ഒരു കൂട്ടായ്മബന്ധം മൊട്ടിട്ടു. സന്തുഷ്ടിയില്ലാത്ത ദുഷ്ടനായ നാബാൽ കാലേബ് വംശജനായിരുന്നു എന്നുള്ളത് വലിയ കഷ്ടമായിപ്പോയി. ചില വിശ്വാസഭവനങ്ങളിൽ ദുഷ്പേര് കേൾപ്പിക്കാൻ ഏതെങ്കിലും ഒരു മകനോ മകളോ ഉണ്ടാകുന്നതുപോലെ.

മരുഭൂമിയിലെ മതിൽക്കെട്ട്! ദാവീദിന്റെ മറ്റൊരു മുഖം. മിന്നുന്ന വാളുമായി ദാവീദും 400 പേരും കൂടി മലഞ്ചെരുവിൽക്കൂടി പാഞ്ഞുവരുന്ന ഭീകരമായ കാഴ്ച. ഏശാവും 400 പേരുമായി സഹോദരൻ യാക്കോബിനെ കാണാൻ പോകുന്നതുപോലെ അല്ല ഈ വരവ്. അപകടം മണത്തറിഞ്ഞ ആട്ടിടയൻ അബീഗയിലിനോടു പറഞ്ഞ സാക്ഷ്യവാക്കാണ് ഈ ലേഖനത്തിന്റെ പ്രതിവാക്യം ''ഞങ്ങൾ ആടുകളെ മേച്ചുകൊണ്ട് അവരോടുകൂടെ ആയിരുന്നപ്പോഴൊക്കെയും രാവും പകലും അവർ ഞങ്ങൾക്കൊരു മതിലായിരുന്നു" (1 ശമു.25:15). കേവലം ആട്ടിടയരെങ്കിലും

---

ങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്താ. 15:7-10).ആകയാൽ ആധുനികയുഗത്തിൽ വസിക്കുന്ന വീണ്ടെടുക്കപ്പെട്ട ജനം ആരാധനയിൽ ദൈവത്തിന്റെ പങ്കിൽ പുത്രനും പരിശുദ്ധാത്മാവും ഉണ്ടെന്നു കരുതി, ശുദ്ധമായ മനസാക്ഷിയോടും വിശുദ്ധിയോടും കൂടി കർത്താവിന്റെ സമീപേ വരേണ്ടതാണ്. അതുകൊണ്ട് നാം അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കായി നമ്മുടെ ജീവനും സർവ്വസവും ക്രിസ്തുവിന്റെ മുമ്പിൽ സമർപ്പിച്ച് ആരാധിക്കണം. ●

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കമ്പംമെട്ട്** : ഡിസം.14,15, 27,28,29 തീയതികളിൽ എബനേസർ ഗോസ്പൽ മിനിസ്ട്രീസും ഹൈറേഞ്ചിലെ സുവിശേഷകന്മാരും പ്രവർത്തനങ്ങളിൽ സഹകരിച്ചു. ഭവന സന്ദർശനങ്ങളും പരസ്യയോഗങ്ങളും നടന്നുകൊണ്ടിരിക്കുന്നു. കേരളാ തമിഴ്നാട് അതിർത്തി പ്രദേശമാണ് കമ്പംമെട്ട്. ഞങ്ങൾ കുടുംബമായി 10 മാസക്കാലമായി ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ചോദിക്കുന്നു. പുതിയ വിലാസം P.D. Varghese Evg., Gospel Centre, Cumbum Mettu P.O., Vandan Medu, Idukki (Dt) 685 551, Kerala.

**ഇരട്ടയാർ :** 2007 ഡിസം. 1ന് ഇരട്ടയാർ ബ്രദറൺ സഭയിൽ S.B.S. (H.D.) ന്റെ ആഭിമുഖ്യത്തിൽ ചിൽഡ്രൻസ് മീറ്റ് 07ന്റെ വൺഡേ പ്രോഗ്രാം നടന്നു. കുട്ടികളും ലീഡേഴ്സുമടക്കം 50 പേർ പങ്കെടുത്തു. കുട്ടികൾക്കായി വിവിധ പരിപാടികൾ ഉണ്ടായിരുന്നു. ജോൺ ഏബ്രഹാം പ്രധാന ലീഡറായിരുന്നു. സെക്രട്ടറി : സജു ജോൺ കാലേബ്.

**സോഹാർ:** കിഡ്സ് ഫെലോഷിപ്പ്, കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ്, എന്നീ ശുശ്രൂഷകൾ നടന്നുവരുന്നു. കിഡ്സ് ഫെലോഷിപ്പിൽ വിവിധ സഭാ വിഭാഗങ്ങളിൽ നിന്ന് 80ഓളം കുട്ടികൾ ദൈവവചനം പഠിക്കുന്നു. 29-11-07ന് പ്രത്യേക യോഗം നടത്തുവാൻ ദൈവം കൃപ ചെയ്തു. 2 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. മസ്കറ്റിൽ നിന്നും സഹോദരന്മാർ കടന്നുവന്ന് വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഇവിടുത്തെ സഭയെയും പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമേ. എന്ന് സജി തോമസ്, നെൽസൺ ജോസ്, വർക്കി കുര്യാക്കോസ്. Correspondence for Sohar Assembly : Mr. Nelson Jose : 00968 99002551, 00968 26846101, Address : Mr. Saji Thomas, Post Box No : -419, Postal Code : 321, Al Tareef, Sohar Sultanate of Oman.

**മലപ്പുറം :** മലപ്പുറം വൈ.എം.ഇ.എഫ് യൂണിറ്റിന്റെ ജനറൽ ബോഡിയിൽ അടുത്ത 2 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് : ബാബു വർഗ്ഗീസ്, പെരിന്തൽമണ്ണ, വൈസ് പ്രസിഡന്റ് : കെ. കെ. കുര്യാക്കോസ്, എടക്കര, സെക്രട്ടറി : പി. എ. സേവ്യർ, പാലേമാട്. ട്രഷറർ : ജോൺ ശാമുവേൽ, എടക്കര. സഭാ രൂപീകരണം ലക്ഷ്യമാക്കി പോത്തുകല്ല് എന്ന സ്ഥലം കേന്ദ്രീകരിച്ച് പുതിയ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. ദൈവജനത്തിന്റെ പ്രാർത്ഥന അപേക്ഷിച്ചു കൊള്ളുന്നു. എന്ന്, സെക്രട്ടറി P. A. Xavier, Punnakkal House, Pallippady, Palemad P.O., Malappuram - 67933.

**കോട്ടേക്കുളം :** ഡിസം.27-29 വരെ പാലക്കാട് വൈ. എം.ഇ.എഫ് യൂണിറ്റും കോട്ടേക്കുളം ബ്രദറൺ സഭയും ചേർന്ന് കോട്ടേക്കുളത്തും പരിസരപ്രദേശത്തും സുവിശേഷക്യാമ്പ് നടത്തി. രാത്രി യോഗത്തിൽ സജീവ് വർഗ്ഗീസ് വിജയകരമായ ക്രിസ്തീയ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ ക്ലാസ്സുകൾ എടുത്തു. ബാബു തോമസ്, ജോർജ്ജ് മത്തിൽ അങ്കമാലി പര

---

അവർ നന്ദിയുള്ളവരായിരുന്നു. നന്ദിയില്ലാത്ത ദുഷ്ടനായ നാബാൽ.

മരുഭൂമിയിലെ മതിൽക്കെട്ട്! സഹോദരന്മാർ തമ്മിൽ ഭിന്നിച്ച് പിളർന്ന് സഭ രണ്ടാകുമ്പോൾ 2 കൂടിവരവിലും പെട്ടവർക്ക് പറയുവാൻ കഴിയുമോ അവർ ഞങ്ങൾക്കൊരു മതിലായിരുന്നു എന്ന്. സുനാമി ദുരന്തം, ചിക്കുൻ ഗുനിയ കടന്നാക്രമണം ഈ സമയങ്ങളിൽ കഷ്ടമനുഭവിച്ച സഹോദരന്മാർ (അവർ ആരുതന്നെ ആയിക്കൊള്ളട്ടെ) നമ്മുടെ സഹോദരന്മാരുടെ സഹായം അവർക്കൊരു മതിലായിരുന്നു എന്ന് അവർ പറഞ്ഞു കാണും എന്ന് കരുതുന്നു. നമ്മുടെ സഹോദരന്മാർ ചെയ്ത ജീവകാരുണ്യ പ്രവർത്തനം ശ്ലാഘനീയം തന്നെ. ഈ ഇടയന്മാരുടെ സാക്ഷ്യവാചകത്തിൽ നന്ദി പ്രകടനം തെളിവായി കാണുന്നുണ്ട്. പൗലൊസ് കൊലൊസ്യയിലെ വിശ്വാസികളോട് പറയുന്ന ഒരു വാക്ക് നന്ദിയുള്ളവരായും ഇരിപ്പിൻ (3:15).

ചുറ്റുമതിലുകൾ കെട്ടിയ കൊച്ചു ഫാക്ടറികൾ ഗുജറാത്തിലുണ്ട്. അവിടെ ജോലിക്കായി കേരളത്തിൽ നിന്നും പെൺകുട്ടികളെ വീട്ടുകാരുടെ സമ്മതത്തോടുകൂടി കൊണ്ടുപോയി യാതൊരു സ്വാതന്ത്ര്യവുമില്ലാതെ ഇന്നും കഴിയുന്നുണ്ട്. രക്ഷപെട്ട് നാട്ടിൽ വന്ന ഒരു പെൺകുട്ടി അവിടുത്തെ അസ്വാതന്ത്ര്യജീവിതത്തെക്കുറിച്ച് ഞങ്ങളോട് പറയുകയുണ്ടായി.

സ.പ്ര.10 : 8-ാം വാക്യം കുറിച്ച് ഈ ലേഖനം അവസാനിപ്പിക്കട്ടെ. "മതിൽ പൊളിക്കുന്നവനെ പാമ്പു കടിക്കും" പ്രിയ ദൈവജനമേ നമ്മൾ ഒരു കാലത്ത് സാത്താന്റെ മതിലിനുള്ളിലായിരുന്നല്ലോ. വളരെ ശക്തമായ മതിൽക്കെട്ടായിരുന്നല്ലോ സാത്താന്റേത്. വെളിച്ചം കാണുവാൻ കഴിയാതെ വെളിയിലിറങ്ങുവാൻ കഴിയാതെ വിങ്ങിപ്പൊട്ടുകയായിരുന്നല്ലോ. ഫറവോന്റെ കട്ടച്ചൂളയിലെ ജീവിതമായിരുന്നല്ലോ. എന്നാൽ സാത്താന്റെ മതിൽ പൊളിച്ച് നമ്മെ സ്വതന്ത്രരാക്കി. നമുക്കു വേണ്ടി അവൻ പാമ്പുകടിയേറ്റു. എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു എന്നു പറയത്തക്കവണ്ണം അവൻ ആയിത്തീർന്നു. എന്നാൽ അവൻ ദൈവമായിരുന്നതുകൊണ്ട് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് ഇന്നും നമുക്കായി ജീവിക്കുന്നു. ഹല്ലേലുയ്യാ സ്തോത്രം. ●

സ്യയോഗങ്ങൾക്ക് നേതൃത്വം നൽകി. 30നു രാവിലെ കോട്ടേക്കുളം സഭയിലെ 3 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. വിതയ്ക്കപ്പെട്ട വചനത്തിനായും സ്നാനപ്പെട്ടവരേയും ഇവിടുത്തെ സുവിശേഷവേലയേയും പ്രാർത്ഥനയിൽ ഓർത്താലും. വിലാസം : Samuel P. Abraham (Eva.), Pullannimannil House, Kottekulam, Korenchira P.O., Palakkad - 678 684. എം. കെ. ജോസ്, എം. യു. വിൽസൻ, ജിജി പി. പി.

**കൊടുങ്ങല്ലൂർ :** 23.12.2007ന് 6 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. എം.എ. ജോയി, സ്നാന ശുശ്രൂഷ നിർവ്വഹിച്ചു. സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കേണമേ. എന്ന് ടി. എ. പുഷ്കരൻ, അനൂപ് പി. ജോൺ.

**നാഗലാൻഡ് :** ഒ. ജോർജ്ജ് കുട്ടി നാഗാലാൻഡിൽ തന്നെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ഞങ്ങൾ സഭയായി പ്രാർത്ഥിച്ചു തീരുമാനിച്ചതനുസരിച്ച് കഴിഞ്ഞ ഒക്ടോബർ മുതൽ നാഗലാൻഡിൽ കടന്നു പോയി പ്രവർത്തിക്കുന്നത് ദൈവമക്കളുടെ പ്രാർത്ഥനക്കായി അറിയിക്കുന്നു. തന്റെ വിലാസം O. GeorgeKutty, P.O.Box.18, A.R.T.C. P.O., Nagaland - 797115. സഭയ്ക്കു വേണ്ടി രതീഷ് എസ്, വിക്ടർ ഡി, സുരേന്ദ്രൻ സി., അനിൽ സി., തങ്കയ്യൻ, തോംസൺ.

**രത്നഗിരി – മഹാരാഷ്ട്ര** : കഴിഞ്ഞ 5 വർഷമായി ഇവിടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. പ്രവർത്തനഫലമായി ചില മറാട്ടി കുടുംബങ്ങൾ വിശ്വാസത്തിലേക്ക് വരികയും 4 വർഷമായി ഒരു കൂടിവരവുണ്ടാകുവാനും സാധിച്ചു. നവം.24ന് 6 പേർകൂടി സ്നാനപ്പെട്ട് സഭയോട് ചേർന്നു. സി. കെ. ബോർഡ് പൂനൈ സ്നാനശുശ്രൂഷയും, ബാബു വർഗീസ വചനശുശ്രൂഷയും നിർവ്വഹിച്ചു. ഇപ്പോൾ 26 പേരോളം കൂടിവരവിനായിട്ടുണ്ട്. സുവി. വിൽസന്റെ ഭവനത്തിലാണ് കൂടിവരവുകൾ നടക്കുന്നത്. ഞങ്ങൾക്ക് ഒരു സഭാഹാളും സെമിത്തേരിയും ആവശ്യമായിരിക്കുന്നു. ഇവിടുത്തെ സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് സുവി. വിൽസൻ കെ.ജി., ജോസഫ് ടെൻടൽ.

**ചിറയിൻകീഴ് :** കഴിഞ്ഞ 10 വർഷങ്ങളിലെ പ്രാർത്ഥനയും പ്രവർത്തനവും മൂലം ചിറയിൻകീഴ് ഒരു ബ്രദറൺസഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. കൂടിവരവിനായി ലഭിച്ച വാടക കെട്ടിടത്തിന്റെ സ്തോത്രശുശ്രൂഷ 2008 ജനു. 3 ന് സുവി. തിരുവട്ടാർ കൃഷ്ണൻകുട്ടി നടത്തി. ജനു. 6ന് ആദ്യത്തെ ആരാധനയോഗവും തുടങ്ങി. അബുദബി ക്രിസ്ത്യൻ അസംബ്ലിയിൽ നിന്നും കർത്താവിന്റെ വേലക്കായിട്ട് വേർതിരിഞ്ഞ് ഇപ്പോൾ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ പഠിക്കുന്ന അനിൽകുമാർ ഇവിടെ പ്രവർത്തിക്കുന്നു. നാമധേയ ക്രിസ്ത്യാനികൾ പോലുമില്ലാത്ത ഇവിടെയുള്ള പ്രവർത്തനങ്ങൾ മൂലം അനേകർ രക്ഷയിലേക്ക് കടന്നുവരാൻ ദൈവജനം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. എന്ന് കർത്തൃശുശ്രൂഷയിൽ അനിൽകുമാർ, അനു പിയൂഷ്. വിലാസം അനിൽകുമാർ എം., പ്രത്യാശാ, സാർക്കാരാ, ചിറയിൻകീഴ് പി.ഒ.- 695304 ഫോൺ- 04702643242, 9846719372 (M)

## രോഗികൾ

**രാജകുമാരി** : സഹോ. കെ. വി. പൗലോസിന്റെ ഭാര്യ മറിയാമ്മ പൗലൊസ് കഴിഞ്ഞ ഒരു വർഷമായി ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു. ഇപ്പോൾ ആർ. സി. സി. തിരുവനന്തപുരത്ത് ചികിത്സയിലായിരിക്കുന്നു. സൗഖ്യത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കണമേ. എന്ന് കെ. പി. ജോർജ്ജ്.

**ജഗ്ദൽപൂർ** : മിസ്സസ്സ് ചിന്നമ്മ മാത്യു എഴുതുന്നത്. ഛത്തീസ്ഗഡ്, ബസ്തറിൽ കഴിഞ്ഞ 40ൽ പരം വർഷങ്ങളായി സുവിശേഷ വേലയിലായിരുന്ന സഹോ. മാത്യു ഏബ്രഹാമിന് 14.2.07നു ബ്രെയിനിൽ ഉണ്ടായ ക്ലോട്ട് നിമിത്തം സ്ട്രോക്ക് ഉണ്ടാകുകയും സംസാരശേഷി നഷ്ടപ്പെടുകയും വലതുവശം തളരുകയും ചെയ്തു. ഇവിടെ തക്കസമയത്ത് നല്ല ട്രീറ്റ്മെന്റ് ലഭിക്കാഞ്ഞതിനാൽ രോഗം വർദ്ധിച്ചു. പിന്നീട് പല ഹോസ്പിറ്റലുകളിലെ ട്രീറ്റ്മെന്റിനു ശേഷം 5 മാസമായി തന്റെ മൂത്തമകൻ സാം മാത്യു കുടുംബത്തോടു കൂടി മുംബൈയിൽ പാർക്കുന്നു. ഈ അസുഖത്തിന് ഫിസിയോ തെറാപ്പി ഒഴിച്ചുകൂടാൻ പാടില്ലാത്തതുകൊണ്ടാണ് മുംബൈയിൽ കഴിയുന്നത്. ദിനകൃത്യങ്ങൾ ഒന്നും ചെയ്യുവാൻ തനിക്ക് സാദ്ധ്യമല്ല കഠിന വേദനയേ അതിജീവിക്കുവാൻ കർത്താവ് കൃപ തരുന്നു. തന്നെ ശുശ്രൂഷിപ്പാൻ എളിയവളേയും കർത്താവ് ബലപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അനേക ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥന ഉണ്ടായിരുന്നു. തുടർന്നും ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു. ഞങ്ങളുടെ 3 ആൺമക്കളിൽ 2 പേരും കർത്താവിന്റെ വിളി സ്വീകരിച്ച് കർത്തൃ ശുശ്രൂഷ ചെയ്യുന്നു. മൂത്തമകൻ സാം മാത്യു മുംബൈയിൽ ഉള്ള ദൈവദാസന്മാരോട് ചേർന്ന് പ്രവർത്തനം തുടരുന്നു. 2 വർഷം മുൻപ് ഇളയമകൻ ജിം മാത്യു ഫാമിലിയും മുബൈയിൽ ഉണ്ടായിരുന്ന അവരുടെ ജോലിവിട്ട് അവന്റെ ജന്മഭൂമിയായ ബസ്തറിലേക്ക് കടന്നു വന്നു. ഞങ്ങളുടെ ഈ അവസ്ഥയിൽ ഞങ്ങൾക്കും അവിടുത്തെ ശുശ്രൂഷയ്ക്കും കരം കൊടുക്കുന്നു. സഹോദരന്റെ വിവരം അറിഞ്ഞ നാൾമുതൽ ഇന്നേയോളം ഞങ്ങളേ പ്രാർത്ഥനയിൽ ഓർക്കുകയും ഫോണിൽ കൂടി വിവരങ്ങൾ ആരായുകയും വന്നുകാണുകയും ആശ്വാസ വാക്കുകളാൽ ഞങ്ങളെ തണുപ്പിക്കയും ചെയ്ത എല്ലാ സഹോദരീ സഹോദരന്മാർക്കും വാത്സല്യ കുഞ്ഞുങ്ങൾക്കും കർത്തൃനാമത്തിലുള്ള നന്ദി അറിയിക്കുന്നു. ദൈവം സാഹചര്യങ്ങളെ അനുകൂലമാക്കുന്നു എങ്കിൽ ഈ മാസം 29ന് ഞങ്ങളുടെ പ്രവർത്തന കേന്ദ്രമായ ബസ്തറിലേക്ക് മടങ്ങിപ്പാകുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുതുവർഷത്തിൽ തന്റെ അദ്ധ്വാനഫലങ്ങളോട് ചേർന്നിരുന്ന് ദൈവത്തെ ആരാധിക്കുവാനുള്ള തന്റെ അടങ്ങാത്ത ആഗ്രഹത്തെ കർത്താവ് മാനിക്കുവാൻ ദൈവമക്കളും പ്രാർത്ഥിക്കണം.

**കുണ്ടറ** : ഏഴാം മൈൽ സഭയിൽ കുടുംബമായി കൂട്ടായ്മയിൽ ആയിരുന്ന സഹോ. ജോർജ്ജ് മാർസിലെയിൻ കുണ്ടറ താമസമാക്കിയശേഷം കുണ്ടറ ബ്രദറൺ സഭയിലാണ് യോഗത്തിന് വന്നുകൊണ്ടിരിക്കുന്നത്. കത്തോലിക്ക സമുദായത്തിൽ നിന്നും വിശ്വാസത്തിൽ വന്ന കാരണത്താൽ ഭവനത്തിൽ നിന്നും എതിർപ്പ് അഭി

മുഖീകരിക്കുന്നുണ്ട്. താൻ ഇപ്പോൾ കാൻസർ രോഗബാധിതനായി തിരുവനന്തപുരം ആർ. സി.സി..യിൽ ചികിത്സയിൽ കഴിയുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സാമ്പത്തീക ബുദ്ധിമുട്ട് അനുഭവിക്കുന്ന തനിക്കു വേണ്ടി ഒരു സഹായം അയയ്ക്കുന്ന പക്ഷം DD/Cheque Marie George SBT A/c. No. 57050485028 എന്ന പേരിൽ താഴെക്കാണുന്ന വിലാസത്തിൽ അയച്ചാലും. C. M. John, Vairamon Villa, Kuzhimathicadu P.O., Kundra - 691509. എന്ന് സഭയ്ക്കു വേണ്ടി എ. സഖറിയ, സി. എം. ജോൺ.

## മഹത്വത്തിൽ

**പുതുപ്പള്ളി** : പുതുപ്പള്ളി ടൗൺ ബ്രദറൺ സഭാംഗമായ, തലപ്പാടി തെക്കെക്കുറ്റ് പരേതനായ റ്റി. കെ. ചാണ്ടിയുടെ ഭാര്യ മറിയാമ്മ ചാണ്ടി (81) 2008 ജനു.1ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ ഭൗതികശരീരം സ്ഥലം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദു:ഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കണം. എന്ന് കെ. തോമസ് പുന്നൻ, റ്റി. സി. തോമസ്.

## മേൽപ്പാടം കൺവൻഷൻ

**സ്ഥലം**: വള്ളക്കാലിൽ പാലത്തിന് പടിഞ്ഞാറു തയ്യാറാക്കുന്ന പന്തൽ

**സമയം** : 2008 ഫെബ്രു. 25-27 വരെ. 6.30 - 9 മണിവരെ.

പ്രസംഗകർ : ആർ. കൃഷ്ണൻകുട്ടി, വർഗീസ് കുര്യൻ, ജോർജ് ചാക്കോ

യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കേണമേ. എന്ന് ഷിബു തോമസ്, ജോൺ തോമസ്.

**പത്തനംതിട്ട** : ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 11-മാത് ബാച്ചിന്റെ ഗ്രാജുവേഷൻ സർവ്വീസ് 2008 മാർച്ച് 2 ന് ഞായറാഴ്ച സംയുക്തസഭായോഗത്തിനു ശേഷം 2.30 പി.എംമിന് സുവിശേഷാലയത്തിൽ വച്ച് നടക്കുന്നതായിരിക്കും. അതിനോടനുബന്ധിച്ച് 2008 ഫെബ്രു. 28- മാർച്ച് 1 വരെ വൈകിട്ട് 6 ന് സുവിശേഷാലയത്തിൽ വച്ച് പ്രത്യേക യോഗങ്ങളും നടക്കുന്നതായിരിക്കും. സഹോ. പി.ജെ. ജെയിംസ് ബെഹ്റിൻ ശുശ്രൂഷകൾക്കുണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു. എന്ന് എം.റ്റി. ജോർജ്ജ്.

## സുവിശേഷ വയലിലേക്ക്

**തൂക്കുപാലം** : ഈ സഭാംഗമായ അജി സി. ഫിലിപ്പ് ദൈവവചന പഠനത്തിനുശേഷം കർത്തൃ വേലയ്ക്കായി വേർതിരിഞ്ഞ് സഭയോടു ബന്ധപ്പെട്ടു നടന്നുവരുന്ന എല്ലാ പ്രവർത്തനങ്ങളിലും പ്രവർത്തിച്ചു വരുന്നു. ഒരു പുതിയ സ്ഥലം തിരഞ്ഞെടുത്തു പ്രവർത്തിക്കുക എന്ന ലക്ഷ്യത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ഹൈറേഞ്ച് വൈ.എം.ഇ.എഫിന്റെ ഇപ്പോഴത്തെ പ്രവർത്തന സ്ഥലമായ പണിക്കൻകുടി എന്ന സ്ഥലം തിരഞ്ഞെടുക്കുകയും ഈ സ്ഥലത്തെ പ്രവർത്തനങ്ങൾക്കായി സഭതന്നെ പ്രാർത്ഥിച്ച് അയക്കുകയും ചെയ്തിരിക്കുന്നു. സഹോദരന് ഭാര്യയും തന്റെ സംരക്ഷണയിൽ വിധവയായ മാതാവും ഉണ്ട്. തന്നെയും തന്റെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യേണമേ. വിലാസം : Aji C. Philip, Charivukalayil House, Panikkankudy P.O., Idukki - 685564.

**വരാക്കര** : ഈ സഭയിൽ 1997 മുതൽ കൂടിവരുന്ന എം. എ. ആന്റണി, സുവിശേഷ വേലയ്ക്കായുള്ള വിളി നിമിത്തം ഗൾഫിൽ ഉണ്ടായിരുന്ന ജോലി ഉപേക്ഷിച്ച് നാട്ടിൽ വന്ന് സ്ഥലംസഭയോട് ചേർന്ന് കഴിഞ്ഞ് ഒന്നര വർഷമായി മണ്ണംപേട്ട, കള്ളായി, വരാക്കര എന്നീ സ്ഥലങ്ങളിൽ ക്രമമായി പ്രവർത്തിച്ചുവരുന്നു. സഹോദരന് സുവിശേഷ വേലയ്ക്കുള്ള ദൈവവിളിയും തന്റെ പ്രവർത്തനങ്ങളും സഭയ്ക്ക് ബോദ്ധ്യമായിരിക്കയാൽ ആന്റണിയെ പൂർണ്ണസമയ സുവിശേഷകനായി സഭ അംഗീകരിച്ചിരിക്കുന്നു. സഹോദരന് ഭാര്യയും 2 പെൺമക്കളും ഉണ്ട്. ദൈവജനം സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്തും സാമ്പത്തിക കാര്യങ്ങളിൽ സഹകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് സഹോദരസഭകളെ അറിയിച്ചു കൊള്ളുന്നു. വിലാസം : M. A. Antony (Evg)., Madathumpady House, P. O. Varakkara, Thrissur - 680325. സഭയ്ക്കു വേണ്ടി ടി. എ. ജോൺ, എം. ജെ. ജോയ്, ടി. എ. ജോസഫ്.

## അഭ്യർത്ഥനകൾ

**ചെങ്കുളം** : ഇവിടെ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. സഹോ. ബിജു പി. ചാക്കോയുടെ ഭവനത്തിലെ വളരെ ഇടുങ്ങിയ സാഹചര്യത്തിലാണ് ഇപ്പോൾ കൂടിവരുന്നത്. അക്രൈസ്തവ പശ്ചാത്തലത്തിൽ നിന്നും മറ്റു സാമുദായിക വിഭാഗങ്ങളിൽ നിന്നും ഏകദേശം 50 പേരോളം കൂടിവരുന്നവരിൽ 25പേർ കർത്തൃമേശയിൽ പങ്കുള്ളവരാണ്. എത്രയും വേഗം ഒരു ഹാൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന ഫലമായി ചെങ്കുളം ജംഗ്ഷനിൽ എല്ലാ സൗകര്യത്തോടും കൂടിയ 10 സെന്റ് സ്ഥലം സെന്റിന് 35000/- രൂപ വച്ച് 4 മാസത്തെ കാലാവധിക്ക് എസ്.എ.ഐയുടെ പേരിൽ വാങ്ങിക്കുവാൻ നിശ്ചയിച്ച് 14-11-07ൽ 50,000/- രൂപ കൊടുത്തു എഗ്രിമെന്റ് ചെയ്തു. വസ്തു വാങ്ങിക്കുന്നതിനും അതിൽ 40X20 ഹാൾ നിർമ്മിക്കുന്നതിനും 13 ലക്ഷം രൂപ കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ആവശ്യത്തിനായി ഓടനാവട്ടം ഫെഡറൽ ബാങ്കിൽ ബിജു പി. ചാക്കോയുടെയും എ. ഒ. തോമസ് സാറിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. അക്കൗണ്ട് നമ്പർ 15346 ദൈവമക്കൾ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായങ്ങൾ ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. കൂട്ടായ്മ അയയ്ക്കേണ്ട വിലാസം : A. O. Thomas, Alummoottil, Thrikkannamangal, Kottarakara - 691 506., or Biju P. Chacko, Bethel House, Chenkulam P.O., Oyoor - 691 510. എന്ന് ബിജു പി. ചാക്കോ, എൻ. സാമുവൽ, സന്തോഷ് ബേബി, ജി. കൊച്ചുമോൻ. എ. ഒ. തോമസ്, പ്രൊഫ. മാത്യൂസ് ഏബ്രഹാം.

**കാപ്പിമല** : ഇവിടെ 22 വർഷം മുൻപ് ഒരു ബ്രദറൺ സഭാ കൂടിവരവുണ്ടാകുവാൻ സാധിച്ചു. സഹോദരന്മാരുടെ പ്രാർത്ഥനയുടെ ഫലമായി ഒരു ഹാൾ പണിയുവാനും, 2007 ഏപ്രിൽ മാസത്തിൽ അതിന്റെ ഉദ്ഘാടനം നടത്തുവാനും കർത്താവ് ഇടയാക്കി. എന്നാൽ ഹാളിന്റെ പൂർണ്ണമായ പണി ഇതുവരെയും പൂർത്തീകരിക്കുവാൻ സാധിച്ചില്ല. മാത്രമല്ല 20000 രൂപ കടവും ഉണ്ട്. ഇപ്പോൾ ഹാളിൽ തന്നെയാണ് ഞങ്ങൾ കർത്താവിനെ ആരാധിക്കുന്നത്. ഞങ്ങൾക്ക് ഒരു ശവക്കോട്ട കൂടി അത്യാവശ്യ

മായിരിക്കുന്നു. അതിന് ഏകദേശം 2 ലക്ഷം രൂപയെങ്കിലും ആവശ്യമായിരിക്കുന്നു. ഇത് എസ്. എ.ഐയുടെ പേരിൽ ആയതിനാൽ ഞങ്ങൾ സഭയായി ഈ കാര്യത്തിൽ എല്ലാ സഹോദരീസഹോദരന്മാരുടെയും പ്രാർത്ഥനയും സഹകരണവും ചോദിച്ചുകൊള്ളട്ടെ. കൂട്ടായ്മയായി അയയ്ക്കുന്ന തുക സഭാഹാളിന്റെ ആവശ്യത്തിനായി എടുത്ത അക്കൗണ്ടിലേക്ക് അയക്കേണം Evg. K. D. Abraham, A/c-300609933-9.-SBI Alakode, Kallamplackal House, Kappimala - 670571, Alakode, Kannur. എന്ന്, കെ. ഡി. ഏബ്രഹാം, ബേബി വി. ആർ. കെ. ജെ. ബെന്നി, കെ.എസ്. ജോസഫ്.

**ബൈബിൾ പ്രശ്നാവലി**

ബൈബിൾ പ്രശ്നാവലി തയ്യാറാക്കുന്ന സഹോദരൻ സൗഖ്യമില്ലാതെ ചികിത്സയിലായിരിക്കുന്നതിനാൽ ഫെബ്രുവരി ലക്കത്തിൽ അത് ചേർക്കുവാൻ സാധിച്ചില്ല സഹോദരന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കണമേ.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09-
ആത്മപ്രകാശിനി

If undelivered Please return to:

Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George

## BRETHREN BIBLE INSTITUTE, PATHANAMTHITTA
### Admission Notice

Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 3rd May, 2008.

**1. B.Th. Programme**

BBI offers a three year **Bachelor of Theology** programme in English medium. Those who have passed Pre-degree/Plus Two/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a two year Bible School training in English medium after passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases Plus Two failed candidates also will be considered for this course.

**2. P.G. Programmes**

BBI offers a two year residential **Master of Divinity** (M.Div.) programme and a four year residential **Master of Theology** (M.Th.) programme. Those who have passed B.Th. or its equivalent with $C^+$ (75% Marks) may apply for these programmes. Those who have passed a secular degree with a second class may also apply for the M.Div. programme.

Prospectus and application forms can be had from the **REGISTRAR, BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA, INDIA - 689 645** by paying rupees 50 by means of M.O. Prospectus and Application forms can be down loaded from our web site <**www.bbipta.com**>.The last date for submitting the application is April 5, 2008.

**M.T. George**
**Secretary**